

KERALA SOCIETY OF OPHTHALMIC SURGEONS

സ്പന്ദനം

സർഗ്ഗ ചേതനയുടെ മിടിപ്പുകൾ

VOL - 1 | ISSUE - 1 | APRIL 2021

Editorial Board

Editor



Dr. Lathika V.K.

Associate Editors:



Dr. Biju John
(South Zone)



Dr. Natasha Radhakrishnan
(Mid Zone)



Dr. Sangeetha Rajagopal
(North Zone)

Art & Design



Dr. Shaji Ankan



Dr. Srikanth R

Photography



Dr. Manoj Venugopal

മധുരം മലയാളം

1. കേതകി (കവിത) – 09
ഡോ. ആർ.ആർ.വർമ

2. കർക്കിടകവും 'ക'യും (കഥ)– 10
ഡോ. ബിജു ജോൺ.സി

3. വൈറസ് (കവിത)– 13
ഡോ. ലക്ഷ്മി. ജി

4. വശ്യമനോഹരി വട്ടവട (ഗാനം)– 14
ഡോ. സുരഭ സുനിൽ

5. അക്ഷരോത്തരം (നാടകം)– 15
ഡോ. ബാബു കൃഷ്ണകുമാർ

6. സമയം (കവിത)– 19
ഡോ. ശ്രീകാന്ത് രാമചന്ദ്രൻ

7. മായാമാരി (ഫാന്റസി)– 20
ഡോ. ലതിക രാജേഷ്

8. അമ്മേ ഉണരൂ (കവിത)– 22
ഡോ. ബിജു ജോൺ. സി

9. ആളെ പിടിച്ചു ഡോക്ടർ ആക്കിയാലോ?– 23
(ചരിത്രത്തിൽ നിന്നൊരേട്)
ചരിത്രാന്വേഷി

10. മായുന്ന നിഴലുകൾ (കവിത)– 24
ഡോ. ഷാജി അങ്കൻ

11. ഒരു തീവണ്ടിക്കഥ (അനുഭവ കഥ)–25
ഡോ. സംഗീത രാജഗോപാൽ

12. പുതുവത്സരം (കവിത)– 27
ഡോ. സബിത. എസ്

13. കായലിനരികെ (യാത്ര)– 28
ഡോ. ശ്രീകാന്ത് രാമചന്ദ്രൻ

14. കാത്തിരിപ്പ് (കവിത)– 32
ഡോ. ജയശ്രീ. പെ

15. ആ വിരൽത്തുമ്പ് (കഥ)– 33
ഡോ. ലക്ഷ്മി. ജി

16. മേയുന്ന മനസ്സ് (കവിത)– 35
ഡോ. നിസ അഷ്റഫ്

English Garden

1. Pinhole (Poem) – 37
Dr Devi Karthya

2. When the retinal surgeon wields the pen (Excerpt) – 38
Dr Ittyerah Tholath

3. Sugathakumari- The voice eternal (An ode) – 40
Dr S.R.Krishnamoorthy

4. The family across the wall – 41
(short story)
Dr Natasha Radhakrishnan

5. I only had a human hand..(Poem) – 43
Dr Sangeetha Rajagopal

6. Omuamua (Point of view) – 44
Dr Merine Paul

7. A welcome pause (Poem) – 47
Dr Mini Mathew

8. Journey to the mystical mountain – 48
(Travelogue)
Dr Ambika Shetty

9. How long to cross the river (Poem) – 50
Dr Raheeba Pakeer Muhammed

10. Initiation (Memoir) – 51
Dr Vinodkumar.N.V

11. Shine on, my Golden Wand (Free verse) – 52
Dr Lakshmi.C

12. The mask(Musings) – 53
Dr Mini Nair

13. Adventures with the 90 D lens (Poem) – 54
Dr Indira.V

14. Remembering a great teacher (Memoir) – 55
Dr. Hari Ramakrishnan

Photostories

1. ചമയം - 58
   Dr Manoj Venugopal / Dr. R R Varma
2. **There is more to the owl than meets the eye** - 59
   Dr Rajesh Radhakrishnan
3. **Winged wonders form God's own country** - 61
   Dr Preethy Prashanth

ചിത്രസൗധം

1. അനന്തശയനം - 63
   Dr C.V. Radhadevi
2. **Hope** - 64
   Dr Juni Menon
3. **Peace** - 65
   Dr Divya Nair
4. **Gautama : The power of transformation** - 66
   Dr Ambika Shetty
5. **Dreams unlimited** - 67
   Dr Ashish Kuruvilla
6. **A 'Paw'trait** - 68
   Dr Raheeba Pakeer Muhammed
7. **Vishnu** - 69
   Dr Archana A
8. **Ganesha** - 70
   Dr Divya Raj
9. **Brook falls, Alaska** - 71
   Dr Ruby R K
10. **Diabetic retinopathy : An artist's eye view'** - 72
    Dr Ruby R K
11. **Covitoons** - 73
    Dr Jayadevan
    Dr. Shaji Ankan

Presidents message



സഹൃദയരായ തോഴരേ,

സ്പന്ദനം ജീവന്റെ നാദമാണ്. നാദം നിലനിൽപ്പിന്റെ തുടിയാണ്. ആ താളമാണ് പ്രപഞ്ചത്തെ ആശ്ലേഷിക്കുന്നത്. അത് ഉയർത്തുന്ന അഗ്നിയിലെ വെളിച്ചമാണ് കാഴ്ചയിലെ സായൂജ്യം. ആ വെളിച്ചം പകരുന്ന ഊർജത്തിൽ മഴവിൽക്കൊടികളിൽ നിന്നും, മിന്നൽപ്പിണരുകളിൽ നിന്നും, വാനോന്നതികളിൽ നിന്നും, ആഴി താഴ്വാരങ്ങളിൽ നിന്നും ഹൃദയത്തിന്റെയും മനസ്സിന്റെയും നിലവറകളിൽ കുട്ടിവച്ച് സിരകളിലും ധമനികളിലും പകർന്നൊഴുകുന്ന കാഴ്ചപ്പാടുകൾക്ക് സാക്ഷിയാകേണ്ടതിലുള്ള ആനന്ദം അത്യുദാത്തമാണ്.

എപ്പോഴോ എവിടെയോ മറന്നുവച്ചിരുന്നാലും ഒരിക്കലും നമ്മെ ഉപേക്ഷിച്ചുപോകാതെ വെളിപ്പെടുന്ന അന്തർലീനമായ സ്വത്വവിളംബരങ്ങൾക്ക് നന്ദി.

കൂട്ടായ്മയുടെ ആരവങ്ങൾക്ക് ശക്തി പകർന്ന് വെളിച്ചത്തിലേക്കുള്ള വഴികളിൽ ഒപ്പം നിന്ന കെ. എസ്. ഒ. എസ്. കാര്യദർശി ഡോക്ടർ മഹേഷ്, ഡോക്ടർ ബാസ്റ്റിൻ, കെ. എസ്. ഒ. എസ്. നിർവഹക സമിതി അംഗങ്ങൾ പിന്നെ ഡോക്ടർ ആർ. ആർ. വർമ്മ - ഇതാ ആ ശാദ്വല ഭൂമിക. നന്ദി.

ഒരാവേശമായി, അർപ്പണമായി, വ്രതമായി ഈ സ്പന്ദനത്തിന്റെ പൂർണതയെ സാക്ഷാത്കരിക്കുന്ന എഡിറ്റർ ഡോക്ടർ ലതിക, വർണ്ണവൈവിധ്യ ധാരാമൃതം തീർത്ത് മോഹിപ്പിക്കുന്ന സഹ എഡിറ്റർമാർ എല്ലാവർക്കും, പ്രതീക്ഷക്ക് നിറഞ്ഞ അക്ഷര മിഴിവ് ഉണർത്തിയതിനു, വലിയ സ്നേഹം, ഏറെ കടപ്പാട്.

ഡോ ബാബു കൃഷ്ണകുമാർ
കെ. എസ്. ഒ. എസ്. അധ്യക്ഷൻ

KSOS General Secretary's message



Dear friends,

KSOS has witnessed a surge in the expression of artistic abilities of our members in the last year, thanks to Covid. Online programmes have revealed many hidden talents. Now there is a regular digital platform for displaying our lesser known non ophthalmic activities. Thanks to the vibrant group of people who took initiative for Spandan. Wishing this new endeavor all success. Enjoy reading

Dr Mahesh G
Hon General Secretary, KSOS

Editor's note



Dear friends,

Vishu symbolises a celebration of auspicious new beginnings. On this apt occasion ,it is with great pride and joy that we present to you the opening issue of 'Spandanam',the first literary magazine of KSOS.

This endeavour is the brainchild of our president Dr Babu Krishnakumar,a voracious reader and a man of letters. I thank him and KSOS for offering me the opportunity of being the editor of this maiden literary (ad)venture by our society.I also thank Dr R.R Varma sir, the spearheading presence in our cultural arena for his wise counsel in taking this magazine forward. Most of all,I thank the talented wordsmiths and artists of KSOS for their phenomenal response to the call for contributions which truly exceeded our expectations.

I express my deepest appreciation for an extremely gifted and supportive editorial team which made the editor's responsibility a shared joy.Tended by them, this magazine has sprung to life spontaneously and beautifully- like a bud blooming or the thunderclouds gathering into a mighty shower. They have also graced these pages abundantly with their remarkable penmanship, artistic wizadry and mesmerising photographic captures. Stunning strokes by Dr Shaji and Dr Sreekanth have enhanced the beauty of poetic imagery. Dr Manoj with his photographic eye for detail has masterminded the subtle visual aesthetics of the pages to perfection.The dedicated efforts of Dr Biju, Dr Natasha and Dr Sangeetha as zonal associate editors have ensured that Spandanam reflects talents of all ages and from all over Kerala.

People and places flash past us every day, fleeting visions as we drive the daily grind. Blessed are they, who can freeze those visions in words and strokes of eternal beauty. Pulsating with such shared experiences, Spandanam opens up for you insightful windows to the human soul. Those who choose to pause, flip and peer inside may live many lives through these pages and stretch the fabric of their limited lifetimes. Those who choose to listen in tranquility may be touched by the soft murmers captured straight from the creative heart of KSOS.

It shall be our greatest reward if you,dear readers choose to pause a moment and open your mind's eye to the splendour of this special 'Vishukkani' presented to you by KSOS

Warm regards

Dr Lathika.V.K
Editor, KSOS 'Spandanam'



സ്പന്ദനം



Dr R.R.Varma



കേതകി

വയലിറമ്പിലെ പൊന്തയിൽ നിന്നു നീ
ചിരിയുമായെത്തി നോക്കുന്നു, കേതകീ.
നാടുനീങ്ങിയ ഗ്രാമീണ ചാരുത-
ക്കൊപ്പമെങ്ങോ മറഞ്ഞുവെന്നോർത്തു ഞാൻ.

മുണ്ടു പെട്ടിയിൽ നേരിയ ഗന്ധമാ,-
യമ്മ തൻ മുടി കെട്ടിലെ മിന്നലായ്,
എന്റെ ബാല്യത്തിനോർമ്മയിൽ മാമയിൽ
പീലി പോലെയമൂല്യമാം നീ സഖീ.

നിന്റെ കസ്തൂരി ഗന്ധം തിരഞ്ഞു പോൽ
കന്നി രാവിലെ കാറ്റിൽ കവിവരൻ*;
കാടുകേറിയാ ക്ഷാത്രതേജ**സ്സിലും
ചാരുതയേറ്റി നിന്നുടെ പൂമ്പൊടി.

മാറി മായുന്ന കാലത്തിനൊപ്പമായ്
മറവി തൻ മുണ്ടു പെട്ടി തന്നുള്ളിലെ
നറുമണത്തിൻ പ്രസരണം മാത്രമായ്
അറിയുമോ വരും കാലം പ്രിയ സഖീ?

* ഓസ്കാർ മാഷിന്റെ 'കന്നി നിലാവത്ത് കസ്തൂരി പൂശുന്ന' എന്ന ഗാനം ഓർക്കുക.
** 'കൂടു കൈ തേ, കൈതേ, കൈതേരി മാങ്കം..' പടശ്ശിരാജാവ്.



Dr Biju John.C
Additional Professor
RIO, Trivandrum

കർക്കിടവും "ക"യും

മഴ പെയ്യുന്ന ഒരു കർക്കിടക സായാഹ്നം....

മഴയുടെ സുതാര്യ നിശ്വാസസ്പർശത്താൽ ആഹ്ലാദിതയായ പ്രകൃതിയ്ക്ക് എന്തെന്നില്ലാത്ത ഒരു വശ്യത. രോമകൂപങ്ങളിലേക്ക് തണുപ്പ് പതിയെ അരിച്ചിറങ്ങുന്നു.

മഴ ഓരോരുത്തർക്കും വ്യത്യസ്ഥ വികാര വിചാരങ്ങൾ ആണല്ലോ സമ്മാനിക്കുന്നത്. ചിലർക്ക് കടലാസ്സു വഞ്ചികൾ ഉണ്ടാക്കി കളിച്ചിരുന്ന കുട്ടിക്കാലത്തിന്റെ നിറമുള്ള ഓർമ്മകൾ. മറ്റു ചിലർക്ക് ഒരു കുടക്കീഴിൽ പ്രണയിനിയോടൊപ്പം ചിലവഴിച്ച സുന്ദര നിമിഷങ്ങൾ. കർഷകർക്കു കണ്ണീർ നിനവുകൾ. ചിലരെ കൊണ്ട് അത് കവിത എഴുതിക്കും. മറ്റു ചിലരെ കൊണ്ട് കഥയും. ചിലർക്കാകട്ടെ ചില വസ്തുക്കളോട് ഒരു പ്രത്യേക സ്നേഹവും മഴജന്യമായി വരാം.

പ്രത്യേകിച്ചും "ക" എന്ന അക്ഷരത്തിൽ തുടങ്ങുന്ന ചില വസ്തുക്കൾ. ഉദാഹരണം : കമ്പിളി പുതപ്പു, കട്ടിൽ, കുട, കാപ്പി, കഞ്ഞി, കാര (കാരയെയും ജയകൃഷ്ണനെയും, തൃവാനത്തുമ്പിയെയും അറിയാത്ത മലയാളി എന്ത് മലയാളി?)

ശരിയല്ലേ? എന്തോ അത് കൊണ്ടായിരിക്കാം മഴ പെയ്യുന്ന ആ വൈകുന്നേരത്ത് അങ്ങിനെ ഒരു ആഗ്രഹം മനസ്സിൽ ചുമ്മാ പൊട്ടിമുളച്ചത് .

ഞാൻ അത് അപ്പഴേ ഭാര്യാസമക്ഷം അവതരിപ്പിച്ചു. പുരികം വളച്ചു, മുഖം ചുളിച്ചു അവൾ ചോദിച്ചു 'അയ്യേ ഇപ്പഴോ'.

മറുപടി പറയുന്നതിന് പകരം ഞാൻ ചുമ്മാ കൈവിരൽ കൊണ്ട് മുമ്പിലിരുന്ന ടീപ്പോയിയിൽ വെറുതെ വൃത്തം വരച്ചു കൊണ്ടിരുന്നു. (ഈ വൃത്തം വരക്കൽ സ്ത്രീകളുടെ കുത്തകാവകാശം ഒന്നും അല്ലല്ലോ.)

'ശരി വാ ശരിയാക്കി തരാം', അവൾ മുമ്പിൽ നടന്നു. പുറകെ ഞാനും. മഴ തകർത്തു പെയ്തു കൊണ്ടിരിക്കുന്നു. തണുപ്പ് കൂടി കൂടി വരുന്നു. കള്ളക്കർക്കടകത്തിന്റെ അരണ്ട സായാഹ്ന വെളിച്ചം.

ഞങ്ങൾ അടുക്കളയിൽ എത്തി .

അസമയത്തുള്ള എന്റെ ആഗ്രഹത്തിൽ സംശയം ജനിച്ചിട്ടായിരിക്കണം ഭാര്യ ചോദിച്ചു "അല്ല ഇപ്പം കൊഴുക്കട്ട വേണം എന്ന് തോന്നാൻ എന്താണ് കാര്യം. ഈ സമയത്ത് ചായ മാത്രം ആണല്ലോ



പതിവ്. Sugar ഒന്ന് നോക്കണോ ?

മഴ .... കർക്കടകം ... 'ക' യിൽ തുടങ്ങുന്ന വസ്തുക്കൾ... കമ്പിളി ...കാപ്പി .കൊഴുക്കട്ട ..കണ്ടോ മൊത്തം മൂന്നു 'ക' ഉള്ള കൊഴുക്കട്ട ഞാൻ ആഗ്രഹിച്ചതിൽ തെറ്റുണ്ടോ ?

വേണ്ട ആ ലൈനിൽ ഉള്ള വിശദീകരണം ഏതായാലും ഇവിടെ പ്ലാൽക്കില്ല എന്നറിയാവുന്നതു കൊണ്ട് ഞാൻ ഇത്ര മാത്രം പറഞ്ഞു.

ഇന്നലെ hospital canteen ന്റെ ഷെൽഫിൽ കൊഴുക്കട്ട ഇരിക്കുന്നത് കണ്ടപ്പോൾ മുതൽ തുടങ്ങിയ ആഗ്രഹം ആണെടി അത് ഉണ്ടാക്കി കഴിക്കണം എന്ന്.

കാര്യങ്ങൾ ധ്രുത ഗതിയിൽ നടന്നു. മാവു റെഡി.

കൊഴുക്കട്ടയുടെ തന്ത്ര പ്രധാനമായ നിലയറയിൽ വെയ്ക്കാനുള്ള തേങ്ങ + ശർക്കര മിശ്രിതം പാനിൽ കിടന്നു ചിരിക്കാൻ തുടങ്ങി.

സ്വരം നന്നാവുമ്പോൾ പാട്ട് നിർത്തണം എന്ന് പണ്ടുള്ളോർ പറഞ്ഞിട്ടുള്ളതാ. പക്ഷെ പറഞ്ഞിട്ടെന്താ കാര്യം, ആവശ്യം വരുമ്പോൾ ഇതൊന്നും ഓർമ്മ വരില്ലല്ലോ. Canteen ലെ കൊഴുക്കട്ടയുടെ വർണ്ണന ഞാൻ തുടർന്നു.

'ഹോ ഇന്നലത്തെ ആ കൊഴുക്കട്ടയുടെ shape ഒന്ന് കാണേണ്ടത് തന്നെ ആണ്. നല്ല perfect Sphere. കണ്ണാടി പോലെ മിനുസമുള്ള പ്രതലം. അത് പോലത്തെ സുന്ദരി കൊഴുക്കട്ടകൾ തന്നെ ഉണ്ടാക്കണം'

ഭാര്യ : "Shape അങ്ങനെ perfect ആക്കാനൊന്നും പറ്റില്ല. അല്ലെങ്കിലും ഷേപ്പിലെന്തു കാര്യം രുചിയല്ലേ പ്രധാനം"

ഞാൻ വിട്ടില്ല. "My Dear Wife,! Eric Davis പറഞ്ഞത് കെട്ടിട്ടില്ലേ - "The presentation and packaging is everything," അത് കഴിഞ്ഞേ രുചി വരുന്നുള്ളു. നമ്മുടെ കൊഴുക്കട്ടകൾക്ക് ഉരുളിമ പോര"

ഭാര്യയുടെ മുഖം കൊഴുക്കട്ട പോലെ വീർത്തു. ഉരുളിമയും, ഇരുളിമയും കാളിമയും തമ്മിൽ അവിടെ ഒരു മത്സരം.

എന്റെ മനസ്സിൽ ഒരു അപായ മണി മുഴങ്ങി ശോ! കൊഴുക്കട്ട റെഡി ആയിട്ട് മതിയായിരുന്നു ഈ comment

But Too Late, വാട്സപ്പിലെ പോലെ സ്വയം അപ്രത്യക്ഷമാകുന്ന വാക്കുകൾ ഉണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിച്ചു പോയ നിമിഷം.

അടുക്കളയെ പ്രകമ്പനം കൊള്ളിച്ചു കൊണ്ട് പ്രിയതമ ഉവാച:

'ആഹാ എന്നാ പിന്നെ ആ എറിക്കിനോട് പറ വന്നുരുട്ടാൻ . അല്ലെങ്കി വേണ്ട എറിക്കിന്റെ ശിഷ്യൻ ഇവിടെ മുരിക്കു പോലെ ഇരിക്കുവല്ലേ. ദാ ഉരുട്ടി ഷെയ്പ്പ് വരുത്തിക്കോ കേട്ടോ'

ഉരുണ്ടു തുടങ്ങിയിരുന്ന, കൊഴുക്കട്ടയുടെ ഒരു മുൻഗാമി ധൃതരാഷ്ട്രാലിംഗനത്തിൽ തകർന്ന ഭീമപ്രതിമ പോലെ അവളുടെ കൈയിൽ ഇരുന്നു ഞെരിഞ്ഞമർന്നു. അടുക്കള തറയിലെ ധൂളി പടലങ്ങൾ അവളുടെ അകന്നു പോകുന്ന പാദ താഡനത്തിൽ തകർന്നടിഞ്ഞു.

എന്റെ മനസ്സിൽ രണ്ടു സ്ഫടിക കൊഴുക്കട്ടകൾ വീണുടഞ്ഞു. കിറുകൃത്യമായ രംഗബോധത്തോടെ സ്പെഷ്യൽ ഇഫക്ട്സുമായി പ്രകൃതിയും എത്തി -ഇടിമിന്നൽ

എല്ലാം കൈവിട്ടു പോയല്ലോ കർത്താവെ . എന്റെ മഴക്കാല ആഗ്രഹം ? എന്റെ 'ക'! ഇല്ല അങ്ങനങ്ങ് വിട്ടു കൊടുക്കാൻ പറ്റില്ലല്ലോ. Eric Davis ന്റെ അഭിമാനവും എന്റെ സ്വന്തം അഭിമാനവും സംരക്ഷിക്കണ്ടേ?

YES! എന്നിലെ ഞാൻ സട കുടഞ്ഞെഴുന്നേറ്റു. (പഴയ പോലെ സട ഇല്ലെന്നു പറഞ്ഞ് കുടയലിന്റെ ശക്തി കുറയ്ക്കാനൊന്നും പറ്റില്ല) Come on Man. Take this as a challenge.

പണ്ട് anatomy dissection hall ൽ എല്ലാവരെയും അമ്പരപ്പിക്കുന്ന വേഗതയിൽ റേഡിയൽ നേർവും അൾനാർ നേർവും പിന്നെ ബ്രക്കിൽ ഇല്ലാത്ത പല നെർവുകളും ഒക്കെ അതീവ കൃത്യതയോടെ dissect ചെയ്ത് display ചെയ്ത എന്നോടാണോ നിസ്സാരനായ ഈ കൊഴുക്കട്ട യുടെ കളി.

മോനെ കൊഴുക്കട്ടെ നിനക്കെന്നെ അറിയില്ല!

ചലഞ്ചിനു ഞാൻ റെഡി

നീ സ്ഥലം വിട്ടോ ഭാര്യേ! നല്ല perfect spherical കൊഴുക്കട്ടകൾ റെഡിയാകുമ്പോ ഞാൻ വിളിക്കാം. അപ്പം വന്നാ മതി കേട്ടോ.

അങ്ങനെ അതീവ ശ്രദ്ധയോടെ കളരി ദൈവങ്ങളെയും അടുക്കള ദൈവങ്ങളെയും മനസ്സിൽ ധ്യാനിച്ച് ഞാൻ കൊഴുക്കട്ട ഉരുട്ടലിൽ ജാഗരൂകനായി. കളരിദൈവങ്ങൾ മനസ്സിൽ തോന്നിപ്പിച്ച പോലെ പിഴയ്ക്കാത്ത ചുവടുകളോടെ ഞാൻ മുന്നേറി.

വലതു കൈ കൊണ്ട് മാവെടുത്തു ഇടതു മാറി ചവിട്ടി പൊങ്ങി ഇടതു കൈവെള്ളയിൽ പതിപ്പിച്ചു വലിച്ചമർത്തി നൂർന്നു, തിരിഞ്ഞു മാറി തേങ്ങാ ശർക്കര മിശ്രിതം ഉള്ളിൽ തിരുകി നിവർന്നു നിന്ന് ചുറ്റോടു ചുറ്റും മടക്കി തൊഴുതമർന്ന് ഇടത് വെച്ച് വലത് വെച്ച് ഉരുട്ടി ഉരുട്ടി...

ദാ സംഗതി finished. ഇതിനാണോ ഈ സ്ത്രീകൾ ഇത്രയും സമയം കളയുന്നത്. ഛെ ലജ്ജാവഹം

Repeat Repeat Repeat. 15 സുന്ദരി കുട്ടികൾ ready in no time- So Far So good! Well done my boy! Well done! Where is the അപ്പച്ചെമ്പ്.? ഇഡ്ഡലി തട്ട് വെള്ളം ,തീ എല്ലാം correct. അപ്പച്ചെമ്പിനുള്ളിൽ ഇരുന്നു ആ 15 സുന്ദരികുട്ടികൾ ഒരു കിടിലൻ make over നടത്തി ശുഭ്ര സുന്ദര വർത്തുള തരുണീ രത്നങ്ങൾ ആയി പുറത്തു വരുന്നത് മനസ്സിൽ കണ്ടു ഞാൻ ഒന്ന് മന്ദഹസിച്ചു. ഏതോ അനാമക മന്ദവാദ്യത്താൽ പൂർണ്ണ പിന്തുണയറിയിച്ചു ആമാശയവും പ്രതികരിച്ചു.

ആത്മവിശ്വാസത്തോടെ, അതിലേറെ



ആത്മഹർഷത്തോടെ ഭാര്യയെ വിളിച്ചു. അവള് തന്നെ തുറക്കട്ടെ അപ്പചെമ്പ്.

വടിവൊത്ത ആ കൊഴുക്കട്ടകളെ കണ്ടു ഞെട്ടട്ടെ. അത് കണ്ടു ഞാനൊന്ന് ആനന്ദിക്കട്ടെ. അടുക്കള ദേവതകൾ പുഷ്പ വൃഷ്ടി നടത്തട്ടെ (മാത്രവുമല്ല ഇതിന്റെ Finishing point എനിക്ക് അത്രയ്ക്കങ്ങോട്ടു വശവും ഇല്ല. Pressure Cooker ആയിരുന്നെങ്കിൽ വിസിൽ എണ്ണമായിരുന്നു ഈ സാധനത്തിനാണേൽ വിസിലുമില്ല. Too bad)

അങ്ങനെ സമയം ആയപ്പോൾ അപ്പചെമ്പ് തുറക്കപ്പെട്ടു. രസമുകുളങ്ങളെ പുളകം കൊള്ളിക്കുന്ന കൊതിപ്പിക്കുന്ന കൊഴുക്കട്ട ഗന്ധം മൂക്കിലേക്ക് അടിച്ചു കയറി. ആ ദൃശ്യഗന്ധ വിസ്മയം കാണാൻ ഭാര്യാസമേതനായി ഞാൻ തുറന്ന അപ്പ ചെമ്പിലേക്ക് ആകാംക്ഷയോടെ നോക്കി.

സത്യം പറയട്ടെ എനിക്ക് ഓർമ്മ വന്നത് KSOS DRISHTI Scientific Program ആണ്. അത്രയ്ക്ക് VARIETY. proptosis, enophthalmos, മുതലായവയെ അനുസ്മരിപ്പിക്കുന്ന ഗോളാകൃതിയാണെങ്കിലും വലിപ്പത്തിന്റെ കാര്യത്തിൽ തികഞ്ഞ വ്യത്യസ്തത പുലർത്തുന്ന കുറെയെണ്ണം. ഫേക്കോ പ്രോബിനെ ഓർമ്മിപ്പിക്കുമാറ് നീണ്ടു മെലിഞ്ഞു ദീർഘവൃത്താകൃതിയിൽ മൂന്നെണ്ണം. posterior capsule rent with vitreous prolapse പോലെ പലതിന്റെയും പള്ള പൊട്ടി തേങ്ങാ ശർക്കര മിശ്രിതം പുറത്തേക്കു ചാടിയിരിക്കുന്നു. Choroidal detachment പോലെ ഒരു വശം ചളുങ്ങിയ ഗോളങ്ങൾ രണ്ടെണ്ണം. പക്ഷെ ഏഴഴകും തികഞ്ഞ ഒരു സുന്ദര ഗോളം ഒത്ത നടുക്കിരിക്കുന്നത് കണ്ടാൽ ജനറൽ ബോഡിയിൽ പ്രസിഡന്റ് ഇരിക്കുന്ന ഗമ. കാരണം ചുറ്റുമുള്ളവയിൽ രണ്ടു മൂന്നെണ്ണം കൂടിച്ചേർന്നാലും ആ വലിപ്പം ആകില്ല.

Complete ഒരു വശം ചളുങ്ങി ഇരിക്കുന്ന ഒരെണ്ണം എന്റെ അപ്പോഴത്തെ മുഖഭാവത്തിന്റെ പ്രതിഫലനം ആയിരുന്നു എന്ന് ഭാര്യ പറഞ്ഞത് മാത്രം ഞാൻ നിസ്സങ്കോചം തള്ളിക്കളഞ്ഞു.

ഭാര്യയുടെ അടുത്ത dialogue ഞാൻ പ്രതീക്ഷിച്ചത് തന്നെ. "എന്ത് പറയുന്നു നമ്മുടെ Eric Davis? പുള്ളി വരുമോ ഈ presentation കാണാൻ?".

പക്ഷെ വീണിടത്ത് കിടന്നുരുളാൻ നമ്മൾ, മഹത്തായ ഭാരതീയ ഭർത്താക്കന്മാരെ ആരും പഠിപ്പിക്കേണ്ട കാര്യം ഇല്ലല്ലോ. നമ്മളിതെത്ര കണ്ടതാ. ഇനി എത്ര കാണാനിരിക്കുന്നു.

ഞാൻ പറഞ്ഞു "My dear wife, Eric Davis നോട് പോകാൻ പറ. ഞാൻ വിളിക്കാൻ പോകുന്നത് William Cowper നെ ആണ്.

പുള്ളി പറഞ്ഞത് ആണ് സത്യം അതായതു "VARIETY IS THE VERY SPICE OF LIFE, THAT GIVES IT ALL ITS FLAVOUR"

കണ്ടോ, ഇതാണ് variety എന്ന് പറഞ്ഞാൽ. എല്ലാം ഒരു പോലെ ഉരുണ്ടിരുന്നാൽ പരമ ബോറല്ലേ. എത്ര കഷ്ടപ്പെട്ടിട്ടാ ഞാൻ ഈ variety സൃഷ്ടിച്ചതു എന്നറിയാമോ? നിയടക്കമുള്ള സ്ത്രീവർഗ്ഗം എത്ര കഷ്ടപ്പെട്ടുരുട്ടിയാലും ഇത് പോലൊരു വൈവിധ്യത സൃഷ്ടിക്കാനാവില്ല മോളെ. ആവില്ല!"

പൊളിഞ്ഞുപോയ അവളുടെ വായിലേക്ക് ഉള്ളതിൽ ചെറിയ ഒരു കൊഴുക്കട്ട ഞാൻ വെച്ച് കൊടുത്തതു കൊണ്ട് കഥ ഇങ്ങനെ അവസാനിപ്പിക്കാൻ പറ്റി അല്ലെങ്കിൽ വേറൊരു punch dialogue ഇവിടെ വന്നേനെ.



Dr Lekshmi.G
Junior resident
RIO, Trivandrum

വൈറസ്

(ഐ. എം. എ തിരുവനന്തപുരം വിമൻസ് വിംഗ് (WIMA) കോവിഡ് ലോക്ഡൗൺ കാലത്ത് സംഘടിപ്പിച്ച ഓൺലൈൻ കവിത മാരത്തണിൽ ഒന്നാം സമ്മാനാർഹമായ കവിത)

വൈറസ് വിത്ത് വിതച്ചൊരീ ഊഴിയിൽ
വാഴുവാനൊരു പോർക്കളം സജ്ജമായ്
വിണ്ണോളം നീളും വിപത്താണ് പാരിതിൽ
വിജ്ഞരായീടുകിൽ വീഴാതിരിക്കാം

വ്യക്തികൾ പൂവരും അറിയുക വ്യക്തമായ്
വ്യക്തിശുചിത്വം വേണമതേറ്റവും
വ്യക്തികൾ തമ്മിൽ അകലവും മുഖ്യമായ്
വ്യത്തിയുള്ളൊരു ജനതയെ വാർത്തിടാം

വർജ്ജിക്ക സമൂഹപ്രകടനങ്ങളൊക്കെയും
വന്ദിക്ക ആരോഗ്യപ്രപരണങ്ങളേവയും
വീഥിയിലിറങ്ങി വീരസ്യം കാട്ടാതെ
വീട്ടിലിരിക്കാം, വിജയം വരിക്കാം

വാൾപയറ്റാനുള്ള നേരമല്ലിപ്പോൾ
വാദങ്ങൾ എല്ലാം വെറും വാക്കുകളാകവേ
വാർത്തകൾക്കുമപ്പുറമാണിന്ന് വാസ്തവം
വിജ്ഞചകളിൽ നിന്നും പാഠങ്ങൾ പഠിക്ക നാം

വല്ലഭനെങ്കിലും സുന്ദരവദനനാണെങ്കിലും
വീർത്തുകവിഞ്ഞ കീശയതുണ്ടെങ്കിലും
വിഫലമാണെല്ലാം വൈറസ് വന്നെന്നാൽ
വിണ്ണുടഞ്ഞീടാൻ അണുനിമിഷമതോർക്കുക

വിങ്ങലൊടുങ്ങിടും, മാനസവല്ലികൾ പൂവിടും
വിസ്മയങ്ങൾ തൻ വലയം വിടർത്തിടാൻ
വിശ്വാസമോടെ തൻ കരങ്ങൾ കൂപ്പിടാം
വിണ്ണിൽ വിരിയുമാ 'വിശ്വജ്യോതിസ്സിനോടായ്'.



shajiankan



ഇടുക്കിയുടെ കുളിരോലും
മലമടക്കുകളിൽ മുഖം മറച്ചു നിൽക്കുന്ന
വശ്യമനോഹരിയാണ് വട്ടവട എന്ന ഗ്രാമം.
സ്ട്രോബെറി വിളയുന്ന പവിഴപ്പാടങ്ങൾ ആ
ദൃശ്യചാരുതക്കു അനന്യമായ മിഴിവേകുന്നു.
വട്ടവട പഞ്ചായത്ത് ടൂറിസം ഡിപ്പാർട്മെന്റിന്
വേണ്ടി ഡോ സുരഭ രചിച്ച ഗാനം ചുവടെ.



Dr Surabha Sunil
Junior Consultant
Thaluk Hospital,
Thuravur

വശ്യമനോഹരീ... വട്ടവട..

മേലേ മേലേ മാനത്തു വെൺചിത്രം
വരയ്ക്കുന്ന വാർമുകിലേ... (2)
നീ കൂടെ പോരുന്നോ ഭൂമിതൻ
സ്വർഗ്ഗമാമീയഞ്ചു നാട്ടിലേയ്ക്ക്... (മേലേ..മേലേ....)

മലർവാകചോലയിൽ നീരാട്ടുകഴിഞ്ഞെത്തും
ഋതുമതിപൂവല്ലോ വട്ടവട... (2)
നീയൊരു ദേവദാരു ശില്പമായെൻമനമതിൽ
ലാസ്യഭംഗി വിരിച്ചാടിടുന്നു... (2)
കുഞ്ഞാറ്റക്കിളികളും കാട്ടാറിൻ സംഗീതവും.
തൂവെൺമയാർന്നനിൻഗഗനവിഹായസ്സും (2)
തെല്ലൊന്നുമല്ലെന്റോമനേ
തഴുകിത്തലോടിയതെന്നേ... (മേലേ...മേലേ..)

ഒരുവേള..ഒരുമാത്രനിന്നിലൊന്നലിയുവാൻ
നിന്നെയൊന്നറിയുവാൻ പ്രിയസഖി ഞാൻ (2)
ഓടിയണയുന്നു നിന്നിലേക്കിന്നുഞാൻ (2)
എത്ര നുകർന്നാലും മായാത്ത വർണ്ണങ്ങൾ
നിനക്കു മാത്രം സ്വന്തം.. (മേലേ...മേലേ...)





Dr Babu Krishnakumar
Consultant ophthalmologist
Aswini Hospital,Thrissur

അക്ഷരോത്തരം

മനുഷ്യന്റെ ഉൾപ്പിരിവുകൾ അന്വേഷിച്ചിറങ്ങാം. അവൻ വെറും ശരീരം മാത്രമാണോ ? ചിന്തകളുടെ ആവാസമായ മനസ്സിനെ എവിടെ ഉൾക്കൊള്ളിക്കാം. വിരാമചിഹ്നമായി മരണം എത്തുന്നുണ്ടോ? അതോ ആത്മാവായി പുനർജന്മങ്ങളിൽ അമരത്വം തേടുന്നുണ്ടോ? മതം നിങ്ങൾക്ക് മോചനമാണോ? വിളിക്കുന്നിടത്ത് വിളി കേൾക്കാനായി ദൈവം അവതരിക്കുന്നുണ്ടോ? പ്രപഞ്ചത്തിലെ ഒരു കാലയളവിൽ കടന്നു പോകുന്ന ഉണ്മയുടെ സത്യം ആർക്കാണ് പറഞ്ഞുതരാൻ കഴിയുക.

പ്രഭാതം :

(പത്രം വായിച്ചിരിക്കുന്ന മനുഷ്യൻ)

പത്രം- എത്ര നേരമായി ഈ ചരമപേജും നോക്കിയിരിക്കുന്നു. നട്ടെല്ലില്ലാത്ത എന്റെ പുറം കഴച്ചു വേദനിക്കുന്നു. ഇനിയും പേജു മറിച്ചില്ലെങ്കിൽ, എനിക്ക് സഹിക്കാനാകുന്നില്ല.

(മനുഷ്യൻ മൗനം)

പത്രം- കേൾവികളുടെ ലോകത്തിൽ നിന്ന് ഓർമ്മകളുടെ ലോകത്തിൽ നഷ്ടപ്പെട്ടുപോയിരിക്കും. എന്റെ കാര്യം ഞാനല്ലാതെ ആരാണ് പറയുവാൻ. ദയനീയതയുടെ അനന്തതയിലാണ് ഞാൻ. (ഉറക്കെ) രക്ഷിക്കണേ.....

മനുഷ്യൻ - *(പത്രം താഴെ വയ്ക്കുന്നു)* നിർവികാരനും അൽപ്പായുസ്സ് എന്ന് കരുതിപ്പോരുന്ന നിനക്കുമുണ്ടല്ലേ വേദന. വർഷങ്ങളോളമുള്ള സൗഹാർദ്ദം മുറിച്ചെറിയപ്പെടുമ്പോൾ മരവിച്ചിരിക്കാൻ എനിക്കും അവകാശമില്ലേ.

പത്രം- ആരാണ് നിങ്ങളെ വിരഹാബ്ധിയിൽ ആഴ്ത്തുന്നത് ?

മനുഷ്യൻ - ഒന്നല്ല രണ്ടുപേരാണ് എന്നെ വിഷാദിപ്പിക്കുന്നത്. ഒന്ന് എന്റെ സുഹൃത്തും സഹപാഠിയും എഴുത്തുകാരനും.

പത്രം- അനുശോചനങ്ങൾ സ്വീകരിച്ചാലും. പിന്നെ ആര്?

മനുഷ്യൻ - എന്റെ മകന്റെ സുഹൃത്തും എഞ്ചിനീയറുമായ ആ ചെറുപ്പക്കാരനും എന്റെ പുസ്തകങ്ങൾ വായിച്ച് എന്നും നല്ലതേ അവൻ പറയാറുള്ളൂ.

പത്രം- നിങ്ങൾ സാഹിത്യകാരനാണല്ലേ? മരണങ്ങളിൽ കഥാബീജം തിരഞ്ഞതായിരിക്കും.

മനുഷ്യൻ - ഇല്ലാ എന്റെ മനസ്സ് ശൂന്യമാണ്. ഞാൻ രൂപകൽപ്പനചെയ്തിരിക്കുകയാണ്. ചിന്തകൾക്കന്യം.

പത്രം- എന്നാൽ അവിടെ പോകാത്തതെന്ത്?

മനുഷ്യൻ - സാഹിത്യ അക്കാദമിയുടെ ഈ വർഷത്തെ നോവൽ പുരസ്കാരം എനിക്കാണ്. ഇന്ന് വൈകീട്ടാണ് ആ സാംസ്കാരിക സംഗമം. അതിനായാണ് ഞാനീ നഗരത്തിൽ വന്നിരിക്കുന്നത്. ഇനി മടങ്ങിപ്പോക്ക്...

പത്രം- മരണം മനുഷ്യന്റെ സഹചാരിയാണല്ലോ

(പുറത്ത് പലതരം ശബ്ദങ്ങൾ. പത്രം വാതിൽക്കൽ പോയി നോക്കി മടങ്ങി വരുന്നു.)

അവരാണ്, നവമാധ്യമങ്ങൾ നിങ്ങൾ കാലത്ത് പതിവായ പോസ്റ്റുകൾ ഇട്ടിട്ടില്ല. അതിന്റെ പ്രതിഷേധമാണ്.

മനുഷ്യൻ - അവരെ ഇങ്ങോട്ട് വിടല്ലേ. അക്ഷരങ്ങൾ വാക്കുകളാകാൻ മടിച്ച് അലക്ഷ്യമായി അലയുകയാണ്.

പത്രം- ഇതാ മേശമേൽത്തന്നെ നിങ്ങളുടെ മൊബൈൽ, വാട്ട്അപ്പിലും ഫേസ് ബുക്കിലും സാഹിതിഭദ്രവും, കദന പൂരിതവുമായ ഏതാനും വരികളിൽ നിങ്ങളുടെ വേദന പങ്കുവയ്ക്കുക.

മനുഷ്യൻ - ഇല്ല എനിക്കു സാദ്ധ്യമല്ല. അവന്റെ മരണം എന്നെ നിലയില്ലാക്കയങ്ങളിൽ ആഴ്ത്തിയിരിക്കയാണ്. എന്റെ സൗഹാർദ്ദത്തെ മരണം വെട്ടിയെറിഞ്ഞു. എന്റെ മകനെപ്പോലെയുള്ള ആ കുട്ടിയുടെ ജീവിതം എന്തിന് കശക്കിയെറിഞ്ഞു. അൽപം പോലും നീതിബോധമില്ലാത്ത കാപാലികൻ. ഈ മരണം എത്രപേരെ ദുഃഖത്തിന്റെ അഴികളിൽ ബന്ധിച്ചിടുന്നു.

(മരണം എത്തുന്നു. തന്റെ ഭാഗം ന്യായീകരിക്കാനാകും)

മരണം - മനുഷ്യാ ഈ ലോകവും അതിലെ ജീവികളും നശ്വരമാണെന്ന് നിനക്കറിയാത്തതാണോ ? ഇന്നല്ലെങ്കിൽ നാളെ നീയും എന്ന ചിന്തയല്ലേ ഈ ദുഃഖത്തിലേക്ക് നിന്നെ നീക്കിനിർത്തിയിരിക്കുന്നത്.

മനുഷ്യൻ - നിങ്ങൾ ആരാണ്. ദുഃഖത്തിന് കാരണങ്ങൾ പലതായിരിക്കാം.

മരണം - നിങ്ങൾ നേരത്തെ പഴി പറഞ്ഞില്ലേ, ആ മരണമാണ് ഞാൻ. സുഹൃത്തിന്റെ മരണത്തിൽ ഒരു കുറ്റബോധത്തിന്റെ നീറ്റൽ കൂടിയില്ലേ? നിന്റെ എതിർ ചേരിയിൽ നീ അവനെ പ്രതിഷ്ഠിച്ചില്ലേ?

മനുഷ്യൻ - ഉണ്ടോ ? സ്കൂളിലും കോളേജിലും ഞങ്ങൾ ഒന്നിച്ചാണ് വളർന്നത്. ജീവിതത്തിലും, സാഹിത്യത്തിലും. സാഹിത്യ സൃഷ്ടികൾ പരസ്പരം വിലയിരുത്താറുണ്ട്. എന്റേതിനേക്കാൾ മൂല്യം അവന്റെ എഴുത്തിൽ ഉണ്ടായിരുന്നു.

മരണം - എന്നിട്ടെന്തേ പ്രസിദ്ധീകരണങ്ങളും അവാർഡുകളും അവനെ അനുഗ്രഹിക്കാതെ നിനക്കുമാത്രം പ്രാപ്യമായത്.

മനുഷ്യൻ - അത് പ്രസിദ്ധിയോടുള്ള അവന്റെ വിമുഖത മൂലമായിരുന്നു. വാരികകൾക്ക് ഞാൻ നിർബന്ധിച്ചായിരുന്നു അയപ്പിക്കാറുള്ളത്.

മരണം - എന്നിട്ടും ഒന്നുപോലും അച്ചടിച്ചു വരാതിരുന്നത് നിന്റെ ഇടപെടൽ കൊണ്ടായിരുന്നില്ലല്ലോ? മരണം അവനെ ശക്തനാക്കി. നീയിപ്പോൾ അവനെ ഭയക്കുന്നു.

മനുഷ്യൻ - അയ്യോ. എന്റെ മകനെപോലുള്ള ആ കുട്ടിയുടെ ജീവൻ നിനക്കെന്തിനായിരുന്നു.

മരണം - നിന്റെ കഥകളിൽ നീയും അതു തന്നെ ചെയ്യുന്നുണ്ടല്ലോ? എത്ര പേരെ ഒരു ദാക്ഷിണ്യവുമില്ലാതെ നീ അവസാനിപ്പിക്കാറില്ലേ.

മനുഷ്യൻ - അത് വായനക്കാരുടെ സഹതാപം നേടി കഥയ്ക്ക് മൂല്യവും കഥാപാത്രത്തിന് ഔന്നത്യവും നല്കാനായിരുന്നു. സങ്കല്പലോകമല്ലേ എന്റേത്.

മരണം - എന്റേത് മായാലോകമാണെന്ന് പണ്ഡിതന്മാർ പറയുന്നത് നിനക്കും അറിവുള്ളതാണല്ലോ ?

മനുഷ്യൻ- ശരിയാണ്, ജീവിതവും പ്രപഞ്ചവും മായയാകുമ്പോൾ, ആത്മാവായി സത്യം പിന്തുടരുമെന്നല്ലേ.

(ആത്മാവ് പ്രത്യക്ഷമാകുന്നു.)

ആത്മാവ് - അപ്പോൾ ഞാൻ, ആത്മാവ് മരണമില്ലാത്തവനാണെന്ന് നീ വിശ്വസിക്കുന്നുണ്ടല്ലേ. കുറെപേർ എന്റെ അസ്തിത്വത്തെ പൂർണ്ണമായി നിഷേധിക്കുന്നുവല്ലോ ?

മരണം - ശരീരത്തിന്റെ ഊർജ്ജം നീയാണ്, ചിന്തകളും അറിവും നിനക്കപ്പൊഴും.

മനുഷ്യൻ - എന്റെ ഉള്ളിൽ എന്റെ നിത്യതയാകുന്ന ചൈതന്യധാര നീയാണോ ? മൂല്യത്തിന്റെ അമൂല്യത

ആത്മാവ് - ഒക്കെ വെറും ജൽപനങ്ങൾ എന്റെ അനന്തത, എന്റെ പ്രസരണവേഗങ്ങൾ ഞാനറിയുന്നില്ല.

മരണം - അഗ്നിയിലെ തീയാണു നീ. ശരീരത്തിൽ നിന്ന് നിന്നെ മോചിപ്പിക്കലാണെന്റെ ധർമ്മം.

ആത്മാവ് - ഞാൻ ആരുടെ ആത്മാവാണ്

മരണം - ആരുടേതുമാകാം. നിറമോ മണമോ മതമോ ജാതിയോ ലിംഗഭേദമോ നിനക്കില്ല.

(മതം പ്രവേശിക്കുന്നു)

മതം - ആ പ്രസ്താവന അപക്വവും അബദ്ധവുമാണ്. പ്രപഞ്ചത്തെ വ്യാഖാനിക്കാനും, മനുഷ്യ സൃഷ്ടിയെ കണ്ടെത്താനും അവനെ സത്യത്തിന്റെ വഴിയെ നടത്താനും മതത്തിനുമാത്രമേ സാധിക്കൂ. ആത്മാവിന്റെ സ്വത്വം മതത്തിലധിഷ്ഠിതമാണ്.

മനുഷ്യൻ - അപ്പോൾ ഞാനാരാണ്.

മതം- എന്റെ ചതുരംഗപലകയിലെ

കരുമാത്രം

മരണം – അല്ല, ജ്വലിക്കുന്ന അഗ്നിയിലെ ഇന്ധനമാണ് നിന്റെ ശരീരം. അഗ്നി ജ്വലിച്ച് നിന്റെ ജീവിതം അവസാനിക്കുമ്പോൾ ആത്മാവ് സ്വതന്ത്രനാകുന്നു.

മനുഷ്യൻ – എല്ലാ അഗ്നികളും ഒന്നാകുന്നില്ല. ഒന്ന് മറ്റൊന്നിന്റെ തുടർക്കഥയുമല്ല.

മതം – ആത്മാവ് അവിഭാജ്യമാണ്. അത് ദൈവം എന്ന പ്രപഞ്ചസ്ഥാനത്തിൽ നിന്നാരംഭിച്ച് ദൈവം തന്നെയായ അദ്വയ കേന്ദ്രത്തിൽ ലയിക്കുന്നു. ദൈവമാണ് ജീവന്റെ ആധാരശില. ആ ശിലയിൽ അർപ്പിക്കപ്പെടുന്ന പൂക്കൾ മതത്തിന്റേതു മാത്രം

മനുഷ്യൻ – അപ്പോൾ എങ്ങനെ പല മതങ്ങളും പല ദൈവങ്ങളും വിശ്വാസികളെ വിഴുങ്ങിച്ചെടുക്കുന്നു.

മതം – ദൈവം ഒന്നുമാത്രം. മതം എന്റേതുമാത്രം. മറ്റുള്ളതൊക്കെയും അജ്ഞതയുടെ അവതാളങ്ങൾ. കോലം കെട്ടിയും കെട്ടാതെയും ആരാധിച്ചതുകൊണ്ട് പ്രതിഷ്ഠ നേടുന്നില്ല.

മരണം – എന്നിട്ട് ഈ ദൈവത്തെ ഞാൻ കണ്ടിട്ടില്ലല്ലോ?

മതം – അതിന് ദൈവത്തിന് മരണമുണ്ടായിട്ടുവേണ്ടേ നീ കാണാൻ. ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ച് അതിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്ന ആ സർവ്വശക്തനെ അറിയുന്ന, ഉൾക്കൊള്ളുന്ന മനസ്സുണ്ടെങ്കിൽ മാത്രമേ മരണമേ നിനക്ക് ദൈവത്തെ അനുഭവിച്ചറിയാൻ പറ്റൂ.

മനുഷ്യൻ – അജ്ഞാനിയുടെ ആനന്ദമാണ് ദൈവം. ജ്ഞാനത്തിന്റെ വെളിച്ചത്തിൽ ദൈവത്തിനിടമില്ല

മതം – മനുഷ്യാ, നിന്റെ ശാസ്ത്രം തെളിയിക്കുന്ന അഹങ്കാരദീപമാണ് ഇതു പറയുന്നത്. ഇല്ലായ്മകളിൽ, ദുഃഖത്തിൽ നീ വലയുമ്പോൾ ദൈവം നിനക്കെല്ലാമായിരുന്നു. അന്നു നീ ദൈവങ്ങളെ, ഞങ്ങളെ പിന്നെ ആചാരങ്ങളെ സൃഷ്ടിച്ചു.

മരണം – എങ്കിൽ ആ ദൈവത്തെ കാണിച്ചുതരൂ...

മതം – (കൈകൾ മേലോട്ടുയർത്തി) ദൈവമേ, വരൂ ഈ അണ്ഡകടാഹങ്ങളിലെ അമീബ പോലുമില്ലാത്ത ഇവരുടെ തെറ്റുകൾ ക്ഷമിച്ചാലും.

(ദൈവം അവതരിക്കുന്നു)

ദൈവം – എന്നെ വിളിച്ചോ ?

മതം – നിന്നെയാരും ഇവിടെ വിളിച്ചിട്ടില്ല.

അഭൗമനിർവ്യതിയായ ആ നിത്യതയെ, ദൈവത്തെയാണ് ഞാൻ വിളിച്ചത്.

ദൈവം – എങ്ങനെയാണ് നിങ്ങൾ ദൈവത്തെ തിരിച്ചറിയുന്നത്. സ്പർശിച്ചാണോ, ഉൾക്കണ്ണുകൊണ്ടാണോ, നേത്രങ്ങൾകൊണ്ടോ, കാതുകൾകൊണ്ടോ. എങ്ങനെയാണ്

മതം – നിയിപ്പോൾ മതത്തെ ചോദ്യം ചെയ്യേണ്ട. പറയുന്നതനുസരിച്ചാൽ മാത്രം രക്ഷയുടെ വഴികളിൽ മുന്നേറാം ഇല്ലെങ്കിൽ ഇരുട്ടിന്റെ നിലവറകളിൽ അവഗണിക്കപ്പെടും. നീയാരാണ്?

ദൈവം– അതറിയാത്ത നിങ്ങളാണോ എന്റെ പേരിൽ വിശ്വാസികളെ നയിക്കുന്നത്. എനിക്കുവേണ്ടി ദേവാലയങ്ങളിലും, തെരുവുകളിലും അണിനിരത്തുന്നത്. അവരിൽ നിന്ന് സമ്പത്തും സന്മനസ്സും കവർന്ന് എന്നെ പ്രതിഷ്ഠിക്കാനും ആരാധിക്കാനും ആലയങ്ങൾ ഉയർത്തി അവിടെ നിങ്ങൾ ആറാടുന്നു.

മനുഷ്യൻ – അപ്പോൾ ദൈവം ഉണ്ടല്ലേ. മതങ്ങൾ സൃഷ്ടിച്ച ദൈവം ഇതല്ല. മതത്തിന് ഈ ദൈവത്തെ അറിയുന്നില്ല.

മതം – ഇത് ദൈവമല്ല. ദൈവത്തിന്റെ കരുത്തിലാണ് ഈ പ്രപഞ്ചം നിലനിൽക്കുന്നത്.

മരണം– ഇത് ദൈവമല്ല. ദൈവമെന്നവകാശപ്പെടുന്ന നിങ്ങൾക്ക് എന്റെ വെല്ലുവിളി ഏറ്റെടുക്കാമെങ്കിൽ സത്യം തെളിയിക്കപ്പെടും. ഞാൻ സാധിക്കുന്ന ഈ മനുഷ്യന്റെ മരണത്തെ നിങ്ങൾക്ക് തടയാനാകുമോ ദൈവമേ ?

മനുഷ്യൻ – അയ്യോ മരണമേ വേണ്ട. എനിക്കിനിയും പലതും ചെയ്യാനുണ്ട്. കുടുംബം, എഴുത്ത് ഒക്കെ അപൂർണ്ണമാണ്. എന്നെ ഉപേക്ഷിക്കരുത്.

മരണം – എന്റെ തീരുമാനങ്ങൾ തിരുത്തപ്പെടാത്തതാണ്.

മനുഷ്യൻ – ദൈവമേ എന്നെ രക്ഷിക്കൂ. (ദൈവത്തിന്റെ കാൽക്കൽ വീഴുന്നു)

ദൈവം – എനിക്ക് നിന്നെ രക്ഷിക്കാനോ, മരണത്തിനിപ്പോൾ നിന്നെ കൊല്ലാനോ സാദ്ധ്യമല്ല. നിന്റെ ഉണ്മ നിന്റെ കാലാവധി നിശ്ചയിക്കുന്നു.

മരണം – ഈ പ്രപഞ്ചത്തിൽ ഞാനേ സത്യമായിട്ടുള്ളൂ. ബാക്കിയെല്ലാം മനസ്സിന്റെ സൃഷ്ടികൾ.

മനുഷ്യൻ – എന്റേതാണ് എന്റെ മനസ്സ്. ഞാൻ പറയുന്ന വഴികളേ അതിനറിയൂ.

മരണം – നിന്റെ മനസ്സ് ചിന്തിച്ച് കെട്ടിപ്പൊക്കുന്ന മായക്കാഴ്ചകളാണ് മതവും, ദൈവവും, ആശകളും, നിരാശകളും എല്ലാം എല്ലാം. അതിന്റെ ബന്ധനങ്ങളിൽ നിന്ന് ഞാൻ നിന്നെ സ്വതന്ത്രനായി വിടുന്നു.

ആത്മാവ് – അപ്പോഴും ഞാനവശേഷിക്കുന്നു. മരണമേ എന്റെ മേൽ നിന്റെ കൈകൾ അശക്തം, നിഷ്ഫലം.

(മനസ്സ് ഇറങ്ങി വരുന്നു)

മനസ്സ് – ആത്മാവേ നീ മതത്തിന്റെ സൃഷ്ടിയാണ്. എല്ലാ അഗ്നികളും ഒന്നാണെന്ന വ്യാമോഹം, നിത്യതയിലേക്ക് മനുഷ്യനെ ചൂണ്ടയിടുന്ന മതത്തിന്റെ വൈകല്യം.

മനുഷ്യൻ – വേറൊരു ജന്മമെടുത്താലെങ്കിലും ഈ ഭൂമിയിൽ വീണ്ടും പിറന്ന് നിറവേറ്റപ്പെടാത്ത കിനാവുകളിലൂടെ ജീവിക്കണം. ഞാൻ അമരനാണ്.

മനസ്സ് – മനുഷ്യാ, ഞാനാണ് നിന്റെ ദൈവവും, മരണവും. നീ പറയുന്ന വഴികളിലൂടെയല്ല, ഞാൻ കണ്ടുപിടിക്കുന്ന വഴികളിലൂടെയാണ് നിന്റെ യാത്ര. മാളങ്ങളിലും മരങ്ങളിലും കഴിഞ്ഞിരുന്ന നിന്നെ മന്ദിരങ്ങളിരുത്തിയത് ഞാനാണ്. നടക്കാൻ മാത്രം അറിഞ്ഞിരുന്ന നിന്നെ വാഹനങ്ങളിലേറി ഓടാനും, നിന്താനും പിന്നെ പറക്കാനും സാദ്ധ്യമാക്കിയത് എന്റെ ഭാവനകൾ നിരണിഞ്ഞപ്പോഴാണ്.

മതം – ഞാനാണ് നിന്റെ മഹത്തായ കലാസൃഷ്ടി.

മരണം – അതിപ്പോൾ മഹത്തായ വികല സൃഷ്ടിയായി ദുർഗന്ധം വമിപ്പിക്കുന്നു. കുടപ്പിറപ്പിനെ ഭസ്മീകരിക്കാനും ഭസ്മമാക്കാനും മാത്രമേ നീയിപ്പോൾ ഉദ്യമിക്കുന്നുള്ളൂ. മതമാത്സര്യ വിനാശവേദികയാണ് നിന്റെ കർമ്മഭൂമി.

മനസ്സ് – കാനനങ്ങളുടെ ഇരുണ്ട ഭൂമികയിൽ നിന്ന് പ്രപഞ്ചത്തിന്റെ നിഗൂഢതകളെ അനാവരണം ചെയ്യുന്നതിലേക്ക് മനുഷ്യാ നിന്നെ എത്തിച്ചത് ഞാനായിരുന്നു. സുഖവും ആനന്ദവും ഞാൻ കൊളുത്തിയ നെയ്ത്തിരിവിളക്കുകളാണ്.

മനുഷ്യൻ – ആ നീ തന്നെയാണ് വിശപ്പിന്റെ രോഗങ്ങളുടെ, അവഗണനയുടെ തിരിശ്ശീലങ്ങളിൽ എന്നെ മേയാൻ വിടുന്നത്.

മരണം– ഒരു ഉത്തമാനുഭൂതിയായ് ആവിർഭവിച്ച മനുഷ്യൻ പൂർണ്ണ സൃഷ്ടി തന്നെ. വിഭവങ്ങളെ സമർത്ഥമായി ചൊൽപ്പടിയിൽ നിർത്തി. ഭാവനകളെ സാർത്ഥകമാക്കി പുരോഗതിയുടെ ഉയരങ്ങളിലേക്ക് കുതിക്കുമ്പോൾ നിർഭയനായിരിക്കേണ്ട നീ സ്വന്തം സൃഷ്ടികളായ അഹന്ത, മതം, ദൈവം, ആത്മാവ് എന്നിവ തീർത്ത തടവറകളിൽ ഭയന്ന് ജീവിതത്തെ അർത്ഥശൂന്യമാക്കുന്നു. ഞാൻ മാത്രമാണ് നിന്റെ വിമോചകൻ.

മനസ്സ് – നീ ഒരു വെറും നൈരന്തര്യം, ഉദയം അസ്തമനത്തിലേക്ക് നീളുന്നതുപോലെ. നീയും ഭീതിയുടെ ഒരു സൃഷ്ടി മാത്രം.

മനുഷ്യൻ – മനസ്സേ ഈ പാഴ്വസ്തുക്കളിൽ നിന്ന് നീ തന്നെ എന്നെ മോചിപ്പിക്കൂ.

മനസ്സ് – ഒന്നും എല്ലാകാലത്തേക്കുമുള്ള കൈമുതലുകളല്ല. പാഴ്വസ്തുക്കൾ, കാലാവധി തീർന്നവ എല്ലാ നിനക്ക് ഭാരമാണ്. നിന്റെ കൗതുകം നിന്റെ ഭയം ഒക്കെ നിന്നെ അവയുടെ അടിമയാക്കുന്നു.

മനുഷ്യൻ – ഞാൻ ശരീരം മാത്രം. നിസ്സഹായൻ. മോഹിപ്പിക്കുന്നത് നീയാണല്ലോ ?

മനസ്സ് – മതം, ആത്മാവ്, മരണം, ദൈവം ഇവയൊക്കെ ഇനിയും നിന്റെ പുതിയ വഴികളിൽ ചൂണ്ടുപലകകൾ ആയിക്കൂടാ. നമുക്കീ മയക്കുവിദ്യകളെ കാലത്തിന്റെ ബ്ലാക്ക് ഹോളുകളിൽ ഉപേക്ഷിക്കാം, ഒരിക്കലും പൂറത്തുവരാനാകാത്ത മറവിയിൽ. എന്നിട്ട് പുതിയ, നന്മയുള്ള സ്വപ്നങ്ങളെ കണ്ടെത്താം. നിനക്ക് ഞാൻ അഭയം. ഞാൻ ഞാൻ മാത്രമാണിതെല്ലാം.



Dr Sreekanth Ramachandran
Senior Resident
MES Medical college
Malappuram



സമയം

ആരുടെ യാഗാശ്വമാണ് നീ
ആർക്കു വേണ്ടി നിൻ പ്രയാണം?
ആരുമില്ലേ തളച്ചിടുവാൻ നിന്നെയീ
ആദ്യന്ത ഹീനമാം യാത്രക്കിടയിലായ്?
എങ്കിലും ആഗ്രഹിക്കുന്നു ഞാൻ
നിൻ പിറകെ ഓടുവാൻ,
ഒരു ചെറു കടിഞ്ഞാണിൽ നിന്നെ തളക്കുവാൻ,
ഒരു വിരലിളക്കത്തിൽ നിന്നെ തെളിക്കുവാൻ.
നിന്റെ ഓട്ടത്തിൽ ഋതുക്കൾ പിറക്കുന്നു,
നിന്റെ നോട്ടത്തിൻ ഭാവം പകരുന്നു,
നിന്നുടൽ പാതി തിളക്കും കറുപ്പ്
മറുപാതിയിൽ പതക്കും വെളുപ്പ്:
രാവായ് പകലായ് ഉണർച്ചയായ് ഉണ്മയായി
ഊഷര ഭൂമിയിൽ കാരുണ്യ ധാരയായി
ഉറവിന്റെ ശയ്യയിൽ ഉഷ്ണ പ്രവാഹമായി
ലാസ്യമായ് താണ്ഡവ ചണ്ഡ പ്രകമ്പമായി
സാക്ഷിയായ് കർമ്മമായ്, ഒഴുകുന്ന ജീവനായി
തുടരുമീ യാത്രയിൽ എന്നേലുമൊരു നേരം
ഇത്തിരി വെട്ടത്തിൽ നിൻ മുഖം തിരയ്വു ഞാൻ...
കാഴ്ചക്കുമപ്പുറം കേട്ടറിഞ്ഞുള്ളാരീ
അശ്വമേധത്തിൽ ഉയിരായ നിന്നെ
ഒരു ചെറു ഞാണൊലി കിലുക്കത്തിൽ തളച്ചൊരാ
ആശ്രമ ബാലകൻ ഞാനായിരുന്നെങ്കിൽ....

മായാമാരി



Dr Lathika Rajesh
Professor,
Amala Institute of Medcal Sciences,Thrissur



ജീവിതത്തിൽ എല്ലാവർക്കും
ഉണ്ടാകില്ലെ, ഒറ്റക്ക് മാത്രം
കടന്നുചെല്ലേണ്ടി വരുന്ന ചില
ഇടങ്ങൾ, തനിയെ മാത്രം
കാണാവുന്ന ചില കാഴ്ചകൾ?
പണ്ട്, ഒരു പതിറ്റാണ്ടിനപ്പുറം,
എനിക്കും ഉണ്ടായി അങ്ങനെ ഒരു
കാലം. വെറും പനിയോ
ചിക്കൻപോക്സോ വസൂരി
തന്നെയോ എന്നൊക്കെയുള്ള
വൈദ്യശങ്കയാൽ അശാന്തവും
അസ്വസ്ഥവുമായ ശ്രമ
വിശ്രമവേളകളായി ദിനരാത്രങ്ങൾ
എന്നിലൂടെ കയറിയിറങ്ങിയ ഒരു
പനിക്കാലം. അന്ന്, ജ്വരം
ദേഹത്തിലും ആധി ബോധത്തിലും
ഏകാന്തത ഹൃദയത്തിലും ചിന്ത
മസ്തിഷ്കത്തിലും കത്തി നിന്ന
ഒരു നട്ടുച്ചനേരത്താണ് ഞാൻ
അവളെ കണ്ടത്. അന്ന് പാതിമയക്ക
ത്തിൽ കേട്ടു പാദപതനം,
പാദസരക്കിലുക്കം.. മുറിയിൽ
മെല്ലെ പരന്നു പാലപ്പൂ മണം.
എന്റെ മിഴികളിൽ തെളിഞ്ഞു
നിറഞ്ഞു മോഹനമൊരു രൂപം.
പ്രകാശം ഉടലാർന്നു വന്ന
പോലൊരു പെൺകിടാവ്!
കൈകാലുകളിൽ പിണച്ചിട്ട
മുല്ലപ്പൂമാലകൾ, അലസം ഞൊറി
ഞ്ഞിട്ട താമരയിതളുടയാടകൾ, നിണ്ട
കഴുത്തിൽ പറ്റി ചേർന്നു മിന്നുന്ന
മഞ്ഞുമാണിമാല, പാറും
മുടിയിഴകളിൽ പാതി വിരിഞ്ഞൊരു
ചെമ്പക മൊട്ട്. എന്നെ ചേർത്ത
ണച്ച്, പൊള്ളുന്ന നെറ്റിയിൽ
വിരലോടിച്ച് അവൾ മന്ത്രിച്ചു -
പറന്നുയരുന്ന പറവക്കൂട്ടത്തിന്റെ
ചിറകടി പോലെ അവളുടെ
മൃദുമന്ത്രണം:

നീ എന്നെ വിളിച്ചതെന്തേ, എന്ത് പറ്റി?'

'ഞാനോ! നിന്നെ ഞാനിന്നോളം കണ്ടിട്ട് കൂടിയില്ലല്ലോ!' ആകെ അമ്പരന്നു പോയ ഞാൻ എങ്ങനെയോ പറഞ്ഞൊപ്പിച്ചു .

'നീ കണ്ടിരിക്കില്ല, പക്ഷേ എന്നുമുണ്ടായിരുന്നു ഞാൻ നിന്നോട് കൂടെ. ഇന്നിപ്പോൾ നേരിൽ കണ്ട ദിവസമല്ലേ? അതിന്റെ ഓർമ്മക്ക് ഇരിക്കട്ടെ നിനക്കൊരു സമ്മാനം. എന്തും ചോദിച്ചോളൂ ഞാൻ തന്നിരിക്കും'

എന്നാ പിന്നെ കിട്ടുന്നത് പോന്നോട്ടെ എന്ന് കരുതി, ഒട്ടൊരു ശങ്കയോടെയാണെങ്കിലും ഞാൻ ചോദിച്ചു എനിക്ക് തരുമോ നിന്റെ മഞ്ഞുമണിമാല ?

അവളുടെ മുഖമൊന്നു വാടിയോ? കണ്ണുകളിൽ പരിഹാസപ്പൂ വിടർന്നോ ?

'മനുഷ്യസ്വഭാവം! അരുതാത്തതേ ചോദിക്കൂ, അറിയാത്തതേ മോഹിക്കൂ..' അവൾ പിറുപിറുത്തു.

'ഓരോരോ വീൺവാക്കുകൾ. വെറുതെ നേരം കളയാൻ.. പനിയുണ്ടെ, എനിക്കൊന്നുറങ്ങണം'. നീരസം മറച്ചു വെക്കാതെ ഞാൻ പറഞ്ഞു.

അവളുടെ മിഴികളിൽ പൊടുന്നനെ തീപ്പൊരി പാറി. വലതു ചുണ്ടു വിരൽ എന്റെ നേർക്കു നീട്ടി, ഇടതു കൈ പൊക്കി വിരലൊന്നു ഞൊടിച്ചു ആ മായാദേവത. മുറിയാകെ മുങ്ങിപ്പോയി തിളക്കമാർന്നൊരു പുകമറയിൽ.. പല പല വർണങ്ങളിൽ കൊള്ളിയാൻ വിളയാട്ടം.
മിന്നൽപിണരുകൾ അടരാടുന്നത് എന്റെ ഉള്ളിലോ പുറത്തോ എന്ന് പകച്ചു ഞാൻ കിടക്കവേ, അതാ മറ്റൊരു വിസ്മയം ഞാൻ മോഹിച്ച ആ മാല അവളുടെ കഴുത്തിൽ നിന്നും പറന്നുയരുകയായി അതെന്നെ വലംവെച്ചു രണ്ടു തവണ. പിന്നിട് മെല്ലെ താണിറങ്ങി എന്റെ കഴുത്തിൽ വീണു വീണില്ലാ എന്നായപ്പോൾ നൂറ് നൂറുങ്ങായി പൊട്ടി ചിതറി തെറിച്ചു. ഒരു പേമാരിയായി എന്നെ മൂടി ആ വെണ്മുത്തുകൾ. വശ്യചാരുതയാർന്ന തിളങ്ങും മഞ്ഞു തുള്ളികൾ.

തൊട്ടാൽ പൊട്ടുമോ ഈ മുത്ത്? ആ അന്ധാളിപ്പിനിടയിലും അറിയാതെ ഞാൻ ആരാഞ്ഞുപോയി.

'വിഷമിക്കണ്ട. ഒന്ന് പൊട്ടിപോയാലും ഒരായിരം കിട്ടും പകരം'. തികഞ്ഞ പുച്ഛം വഴിഞ്ഞു ആ വാക്കുകളിൽ.


ഞാൻ മെല്ലെ അവയിൽ കൈ വെച്ചു. അളിപ്പിടിച്ചങ്ങനെ ചത്തുകിടപ്പാണ് മുത്തുകൾ മേലാകെ. പിഴുതെറിയും തോറും വേരുറക്കുന്ന ഓർമകളെന്നോണം എന്നിൽ അടരുവാനാകാതെ ഒട്ടിപ്പിടിച്ചു പോയിരിക്കുന്നു അവ!

വിയർത്തുകുളിച്ച് ഞെട്ടിയുണർന്നുപോയി ഞാൻ നമുക്കറിയുന്ന നേർക്കാഴ്ചളിലേക്കു കണ്ണുതുറക്കുമ്പോൾ കാണാമറയത്തെങ്ങോ അവൾ മാഞ്ഞു പോയിരുന്നു. പാതിയടഞ്ഞ ജാലകത്തിലൊരു കീറ് പോക്കുവെയിൽ മാത്രം. അതിൽ തിളങ്ങി കിടക്കും പൊടിപടലം മുറിയിൽ ബാക്കിയായി... മുത്തുകൾ വാരിച്ചൂടി ഈ ഞാനും

വൈകാതെ വന്ന വൈദ്യവ്യന്ദം ഒരേ സ്വരത്തിൽ വിധിച്ചു ഇത് ചിക്കൻപോക്സ് തന്നെ!' എല്ലാവർക്കും ഒരു വല്ലാത്ത ഡയഗണോസ്റ്റിക് നിർവൃതി!

മുത്തുകൾ വളർന്നു അനുദിനം. ഓരോന്നും ഓരോ മഞ്ഞു മല പോലെ..
നോക്കിയിരിക്കെ ചിലപ്പോൾ കൊടുമുടിയിൽ മഞ്ഞുരുകും, നീർച്ചോലകൾ കുത്തിയൊഴുകി എന്റെ ചർമത്തിലെ താഴ്വാരങ്ങൾ ഉർവരമാകും. നോവിന്റെ മുൾമുരുക്കുകൾ പുത്തുലഞ്ഞ് അരുണാഭമാകും ജീവകോശ വനികകൾ. അവക്കരികുപറ്റി വിഷം വമിക്കും നീലക്കുറിഞ്ഞികൾ വസന്തം ചമക്കും. ആ വിഷപ്പടർപ്പിൽ നിന്നും തമോശലഭങ്ങൾ ചിറകടിച്ചുയരും; പിന്നെ കൊടുമുടിയാകെ വിറ കൊണ്ട് വീഴും. അങ്ങനെ എന്റെ ചർമഭൂമിയിൽ ആവർത്തിച്ചു പെയ്തിറങ്ങി ചിക്കൻപോക്സിന്റെ മാക്യുലോപാപുലോ ലോവെസിക്കുലോ ഋതുഭേദങ്ങൾ. ഒടുവിൽ ഒരു നേർത്ത പാട് പോലും ബാക്കി വെക്കാതെ ആ മഞ്ഞു മലകളെല്ലാം ഉരുകി മറഞ്ഞു കാലക്കടലിൽ ലയിച്ചു പോയി. എന്റെ പനി മാറി, ഏകാന്തവാസം കഴിഞ്ഞു.

അലൗകിക പ്രഭയാർന്ന എന്റെ ആ കൂട്ടുകാരി, വരാതെ കഴിയുമോ അവൾക്കിനിയും ഈ വഴി?.



അമ്മേ ഉണരൂ



Dr Biju John.C
Additional Professor
RIO, Trivandrum

ഒരു ദിന രോദനം മാറ്റൊലി കൊള്ളുന്നു
ഒരു ദുഃഖ ഭേരി തൻ പെരുമ്പറ മുഴങ്ങുന്നു
സഹ്യന്റെ സസ്പൃഹ ഹൃദയം തേങ്ങു
ന്നസഹ്യമാമൊരു സങ്കട കാഴ്ചയിൽ

മരതക പച്ച പുതച്ചൊരാചെരുവിൽ
മാമല മേടിൻ കുളിർ മടി തട്ടിൽ
കാമന വറ്റിയ കരിമ്പാറ പോലതാ
ചേതനയറ്റൊരു പെൺ ഗജഗാത്രം

ദീർഘഗഹനമാം മാതൃസുഷുപ്തിയിൻ
പൊരുളറിയാതൊരു കുട്ടി ക്കൊമ്പൻ
കരളു വരളുമാറാടുന്നു ചേഷ്ടകൾ
തരളവിഹ്വലമൊരു സരളമരാള സമം

തട്ടുന്നു , തഴുകുന്നു ചെറുതുമ്പിയാലമ്മയെ
ഒട്ടു നിൽക്കുന്നു വിഭ്രമത്താൽ, പിന്നാഞ്ഞു
മുട്ടുന്നു കുഞ്ഞു മസ്തകത്താലവനു
ല്ഭവിച്ചൊരാ ഗർഭപാത്രത്തെ വീണ്ടും.

നിഷ്ഫലമദ്ധ്യാനമുണരുന്നില്ലമ്മ,യങ്ങു
ച്ചത്തിൽ ചിന്നം വിളിച്ചവനോടുന്നാ,
നിശ്ചലപിണത്തിനെ ചുറ്റുന്നനാരതം.
നിശ്ചേഷ്ടശോകം നിശ്ശബ്ദം പ്രകൃതി.

തിരുക്കിൻ ഭാഷ തിരിച്ചറിയുന്നോർ
ചൊല്ലിയെന്നോടവൻ ചൊല്ലലിന്നിങ്ങനെ
തിരിച്ചറിവില്ലാത്ത ലോകമേ ശ്രവിക്കുകാ
കാതര യാതനാ ദുഃഖ ഗീതം

'കുറുമ്പിനി കാട്ടില്ലയമ്മേ ഞാനിനി
അരുതാത്തതൊന്നും ചെയ്കയില്ല
ഓർമ്മയിൽ വിങ്ങുന്നൻപാർന്നു നീയേവം
ചൊല്ലിയ വാക്കുകൾ, തീക്ഷ്ണമായി

പാടില്ല മകനെ അവിടേക്കു പോകാ,തതാ
ചതുരനാം ഇരുകാലി ജന്തുവിൻ ഗേഹം
ഒട്ടുനാൾ മുമ്പു നിന്നച്ഛനു ,കൺമണീ
പട്ടടയേകിയി കെട്ടതാം തട്ടകം

മസ്തകം തകർക്കുമാറുഗ്രമായ് പൊട്ടുന്ന
മധുര ഫലങ്ങളും വിഷമുള്ള കനികളും
അഗ്നിസ്ഫുലിംഗമായംഗം തകർക്കുന്ന
ആലക്തികോർജ്ജവും ഗുപ്തമാണവിടെ

ചൊല്ലി നീ ദിനം ഹാ ഗൗനിച്ചില്ല ഞാൻ
മണ്ടി യുത്സാഹ കുതൂഹല ഗാത്രനായ്
പിന്നിൽ നിൻ ദ്യുഷ കാലടി ശബ്ദമ,തെന്നു
മെൻ കൃസൃതികൾക്കാവേശമായി

പാടില്ലയെന്നെത്ര വിലക്കി നീ പക്ഷെ
പാടുപെട്ടെന്നിട്ടുമനുഗമിക്കുന്നെന്നെ
പട്ടു പോലുള്ള നിൻ തുമ്പിക്കൈസ്പർശ
പാട്ടിനാൽ സാന്ത്വനമെന്നുമേകുന്നു

ശക്തിയേകുന്നൊരാ പാദനിസ്വനം
നിലച്ചതറിഞ്ഞു ഞാൻ പിന്തിരിഞ്ഞപ്പോൾ
കണ്ടതോ നിശ്ചലം ശിലാസമം നീയൊര
ഗാധമാം നിദ്ര തൻ ഗഹ്വരത്തിൽ

എഴുനേൽക്കുകമ്മ പിണക്കം മതിയാക്കു
നിന്നോമന കുട്ടനെയൊന്നു നോക്കു
കുറുമ്പിനി കാട്ടില്ലയമ്മേ ഞാനിനി
അരുതാത്തതൊന്നും ചെയ്കയില്ല

ആരവം കേൾക്കുന്നമ്മേയായിരുകാലി
ക്കുട്ടങ്ങളിങ്ങോട്ടെത്തുമിപ്പോൾ
ആവുന്ന പോലെ തടുക്കുമവരെ പക്ഷേ,
ആവതില്ലമ്മേ ഞാൻ കുട്ടിയല്ലേ

എഴുനേൽക്കുകമ്മ പിണക്കം മതിയാക്കു
നിന്നോമന കുട്ടനെയൊന്നു നോക്കു
കുറുമ്പിനി കാട്ടില്ലയമ്മേ ഞാനിനി
അരുതാത്തതൊന്നും ചെയ്കയില്ല'

സഹ്യ ശ്രിംഗങ്ങളിൽ തട്ടിതകർന്നങ്ങു
പൊട്ടി ചിതറുന്നാ കണ്ണീർ വിലാപം
പൊട്ടിക്കരയുവാൻ പോലുമാവാതൊരു
പൊട്ടിയ പട്ടമായ് ഗാഡ്ഗിലിൻ പാനവും



ചരിത്രാന്വേഷി

ആളെ പിടിച്ച് ഡോക്ടറാക്കിയാലോ?

വിജയികളാണ് ചരിത്രമെഴുതുന്നത് അല്ലെങ്കിൽ എഴുതിയ്ക്കുന്നത് എന്നാണല്ലൊ പറയുന്നത്. എന്നു വച്ചാൽ ഭരിയ്ക്കുന്നവർ എന്നർത്ഥം. അതിനാൽ തന്നെ അതിന്റെ ആത്മാർത്ഥതയും വിശ്വസനീയതയും എന്നും സംശയത്തിന്റെ നിഴലിൽ ആയിരിയ്ക്കും. ചരിത്രത്തിന്റെ മുഖ്യ പാഠം ഒഴിവാക്കി, അടിക്കുറിപ്പുകളും ഇടക്കുറിപ്പുകളും വായിയ്ക്കുക; പിന്നാമ്പുറങ്ങളും കാണാപ്പുറങ്ങളും തപ്പിപ്പോകുക; (വേണമെങ്കിൽ എഴുതാപ്പുറവും വായിയ്ക്കുക). ഇതാണ് ചരിത്രം രസകരമാക്കാനുള്ള വഴിയായി എനിയ്ക്ക് തോന്നിയിട്ടുള്ളത്.

'ആളെപ്പിടിച്ച് പേഷ്ക്കാറാക്കുക' എന്നൊരു ശൈലി തെക്കൻ കേരളത്തിൽ നടപ്പുണ്ടായിരുന്നു. (അത്രയങ്ങട് അർഹിയ്ക്കാത്ത) സ്ഥാനമാനങ്ങൾ അപ്രതീക്ഷിതമായി

കൊടുക്കുക എന്നർത്ഥം. അതിന്റെ ഉത്ഭവം തപ്പിപോയപ്പോൾ കുറെ രസകരമായ വിവരങ്ങൾ വെളിവായി.

മൂലം തിരുനാൾ മഹാരാജാവ് നാട് വാണിരുന്ന കാലം. ആരോഗ്യസ്ഥിതി അത്ര മെച്ചമല്ലായിരുന്ന അദ്ദേഹത്തിന് ഇടയ്ക്കിടയ്ക്ക് വൈദ്യപരിശോധന ആവശ്യമായി വരുന്നു. മഹാരാജാവല്ലെ? തിരുവിതാംകൂറിലെ സർജ്ജൻ ജനറാൾ തന്നെ പരിശോധിയ്ക്കണം. സർജ്ജൻ ജനറാൾ സായിപ്പായിരുന്നു (1). എന്നു വച്ചാൽ താഴ്ന്ന ജാതി. കുളിയ്ക്കണം. അപ്പോൾ രാവിലെ ഒരു കുളി; ഡോക്ടറുടെ പരിശോധന കഴിഞ്ഞാൽ ഒന്നും കൂടി കുളി. പ്രായാധിക്യവും രോഗങ്ങളും അലട്ടിത്തുടങ്ങിയിരുന്ന രാജാവിന് ഇതൊരു ശല്യമായി തോന്നിത്തുടങ്ങി.

മഹാരാജാവല്ലേ? ധാരാളം ഉപദേശകർ കാണും. അതിലൊരാൾ പറഞ്ഞ ബുദ്ധി തരക്കേടില്ലെന്ന് മഹാരാജാവിന് തോന്നി. സവർണ്ണനായ ഒരാളെ ഡോക്ടറായി പഠിപ്പിയ്ക്കുക. അന്വേഷണം തുടങ്ങി. നമ്പൂതിരിമാരിലും ക്ഷത്രിയന്മാരിലും തയ്യാറായി ആരും വന്നില്ല (2). അപ്പോൾ ഹജൂറിലെ വലിയ മേലെഴുത്ത് പിള്ള ഒരു കാര്യം പറഞ്ഞു. രായസം വകുപ്പിൽ ധാരാളം തമിഴ് ബ്രാഹ്മണയുവാക്കൾ ഉണ്ട്; അതിൽ നിന്നൊരാളെ തിരഞ്ഞെടുക്കാം. അവസാനം അങ്ങിനെ തന്നെയാണ് ഉണ്ടായതു്. സമർത്ഥനായ ഒരു തമിഴ് ബ്രാഹ്മണയുവാവിനെ മദിരാശി മെഡിക്കൽ കോളേജിൽ ചേർത്തു. പഠിയ്ക്കാൻ മിടുക്കനായതിനാൽ വേഗം പാസ്സായി. വരികയും ചെയ്തു. അദ്ദേഹത്തിനെ സർക്കാർ ആശുപത്രിയിൽ നിയമിച്ചു.

ഈ യുവാവിന് ബുദ്ധിശക്തിയുണ്ടായിരുന്നു; പക്ഷേ വൈദ്യവൃത്തിയിൽ താത്പര്യവും കഴിവും ഉണ്ടായിരുന്നില്ല. "പൊന്നു തമ്പുരാൻ പഠിയ്ക്കാൻ പറഞ്ഞു; അടിയൻ പഠിച്ചു. പൊന്നു തമ്പുരാൻ ചികിത്സിയ്ക്കാൻ പറഞ്ഞു: അടിയൻ ചികിത്സിയ്ക്കുന്നു", എന്ന മട്ട്. ഫലമോ? പനിയ്ക്ക് മരുന്ന് കൊടുത്താൽ വയറിളക്കം വരും; ശ്വാസംമുട്ടിന് മരുന്ന് കൊടുത്താൽ അപസ്മാരം വരും; വയറ് വേദനയ്ക്ക് മരുന്ന് കൊടുത്താൽ മേലാകെ നീരായി. രാജാവും പ്രജകളും മടുത്തു.

ഒടുവിൽ അദ്ദേഹത്തെ പഴയ ലാവണത്തിലേയ്ക്ക് തിരിച്ചയയ്ക്കാൻ തീരുമാനമായി. ഇത്രയൊക്കെ പഠിച്ച ആളെ എങ്ങിനെയാണ് വെറുമൊരു ഗുമസ്തനായി വിടുക? അതിനാൽ അദ്ദേഹത്തെ "എന്ന സ്ഥലത്തെ പേഷ്ക്കാറായി നിയമിച്ച് ഉത്തരവായി.

ഇതാണ് ആ ശൈലിയുടെ പിന്നാമ്പുറത്തെ കഥ.

ഇനി അടിക്കുറിപ്പിന്റെ അടിക്കുറിപ്പുകൾ


(1) അന്നത്തെ സർജ്ജൻ ജനറൽ ആരായിരുന്നുവെന്നോ? പിന്നീട് മലമ്പനിയെ പറ്റി പഠിച്ച് അതിന്റെ സംക്രമണരീതി കണ്ട് പിടിച്ച് 1902ൽ നൊബേൽ സമ്മാനത്തിന് അർഹനായ സാക്ഷാൽ ഡോ. റൊണാൾഡ് റോസ്സ്.

(2) അന്ന് വൈദ്യവൃത്തി കുലത്തിൽ താഴ്ന്നവരുടെ വൃത്തിയായാണ് കരുതപ്പെട്ടിരുന്നത്. നമ്പൂതിരിമാരിൽ ആഢ്യത്തവും അഭിജാത്യവും കുറവുള്ളവരായിരുന്നു അഷ്ടവൈദ്യന്മാർ എന്ന് ഓർക്കുക. വള്ളുവകോനാതിരിയുടെ പുറത്തെ പ്രമേഹക്കുരു കീറുക എന്ന 'ശസ്ത്രക്രിയ' ചെയ്തതിനാൽ വടക്കുംകര നമ്പൂതിരിയ്ക്ക് ദ്രേഷ്കൽപ്പിയ്ക്കുക വരെ ഉണ്ടായിട്ടുണ്ട്.

മായുന്ന നിഴലുകൾ



Dr Shaji Ankan
Associate Professor
Government Medical
College,Konni



ഇൗ മണലാരണ്യത്തിലൂടെൻ
യാത്രയിലേകനായ് നടക്കുമ്പോൾ
കാണുന്നില്ലൊരു പുൽക്കൊടിയും
മരവുംമരുപ്പച്ചയും ഒന്നുവിശ്രമിക്കുവാൻ
കേട്ടില്ല ഒരു കിളിനാദവും
കൊഞ്ചലും ഒന്നു ശാന്തമാകുവാൻ
ഇളം കാറ്റില്ല തണലില്ല അരുവിയില്ല
ഈ ചുടുകാറ്റേറ്റു ഞാൻ വാടി
തളർന്നവശനായ് നടക്കുമ്പോളെ
ങ്കിലുമെനിക്കൊരു കണിജലം
തൊണ്ടനനക്കുവാൻ ഇല്ലപോൽ
നടക്കുമ്പോൾ കേൾക്കാമെൻകർണ്ണത്തിൽ
പൊരിമണൽ ഞരക്കവും മണൽക്കാറ്റിൻ ഭീതിയും
നിഴൽ പറ്റിയുള്ളോരെൻ നടത്തം ഇനിയെത്രദൂരം
നിഴലുകൾ നിളാൻ തുടങ്ങിമടങ്ങുവാൻ
കേൾക്കാമെനിക്കെൻ ശ്വാസം ഒഴിയുന്ന
പൊരിമണൽ ഘടികാരം പോൽ
നിഴലുകൾക്ക് മടങ്ങുവാൻ സമയമായ്
ഇത്ര ദൂരമെനിക്കൊരു കൂട്ടും വഴികാട്ടിയും
കൂടാതെ സമയവും പറഞ്ഞു തന്നുനീ
നാളെ നീ വരുമ്പോൾ ഞാനില്ല നിനക്കു കൂട്ടിനായ്
അങ്ങു ദൂരയായ് കരിഞ്ഞുണങ്ങിയ മരത്തിൻ
കൊമ്പിൽ ഈ യാത്രയിലുടനീളം പിന്തുടർന്ന
കഴുകൻ കാത്തിരിക്കുന്നു ഞാനൊന്നുവീഴാൻ
എൻശ്വാസം നിലക്കുവാൻ... എൻനിഴലിനു വിട

ഒരു തീവണ്ടി കഥ



Dr Sangeetha Rajagopal
Consultant Ophthalmologist
Comtrust Eye Hospital,
Calicut

ഒരു അനുഭവകഥ

ഒട്ടുമിക്ക യാത്രകളും ഒരു സംഭവവികാസങ്ങളൊന്നുമില്ലാതെ അവസാനിക്കാറാണ് പതിവ്. ആയിടെയ്ക്കാണ് ബാംഗ്ളൂരിലേക്ക് ഒരു കോൺഫറൻസിന്റെ ഭാഗമായിട്ട് പോകാനിടയായത്. സന്ദീപിനും ബാംഗ്ലൂർ കോൺഫറൻസ് ഉണ്ടായിരുന്നു. സന്ദീപിന്റെ കോൺഫറൻസ് ഒരു ദിവസം നേരത്തെതന്നെ തീരുന്നതുകൊണ്ട് നേരത്തെപോകേണ്ടതായിരുന്നു.

പക്ഷെ ഭാര്യയോടുള്ള സ്നേഹകണികകൾ കാരണം ഒരു ദിവസം കൂടി കാത്തു നിന്ന് ഒരുമിച്ച് തിരിച്ചു പോരാമെന്നു തീരുമാനിച്ചു.

വരാനുള്ളത് വഴിയിൽ തങ്ങില്ല എന്നുള്ളത് കാരണവന്മാർ പറഞ്ഞത് സ്മരിച്ചുകൊണ്ട്.....

തലേദിവസം പോകേണ്ട ഫ്ളൈറ്റ് ടിക്കറ്റ് കാൻസൽ ചെയ്ത് എന്നോടൊപ്പം തന്നെ തീവണ്ടിയിൽ യാത്രചെയ്യാനുള്ള ഭാഗ്യം സിദ്ധിച്ചു.

റയിൽവേ സ്റ്റേഷനിൽ നിന്ന് വണ്ടികേറി ഫുഡ്ഡുമടിച്ച് ഉറങ്ങാൻ കിടന്നു.

രാത്രി പതിനൊന്നരമണിയായപ്പൊഴെക്കും

ടിക്കറ്റ് എക്സാമിനർ എന്റെ ലോവർബർത്തിനരികിൽ വന്ന് എന്നോടായി ചോദ്യം

"ആർ യൂ ഡോക്ടർ സംഗീത?"

അപ്പോൾ തന്നെ ഞാൻ മനസ്സിൽ മന്ത്രിച്ചു,

"ഈശ്വരാ, എന്റെ ബർത്തല്ലെ ഇത്?!
വേറെ ആരുടെയോ ബർത്തിൽ ഞാൻ
കേറിക്കിടന്നുവോ? അയാൾ കേറിയിട്ടുണ്ടാവും.
ഇനിയിപ്പോൾ എന്ത്ചെയ്യും? എന്റെ ബുക്കിംഗ് കൺഫർമ്ഡ് ആയിരുന്നല്ലൊ?"

ചിന്തകൾ എന്നും പ്രകാശത്തിനേക്കാളും വേഗതയേറിയതാണല്ലോ!

രണ്ടും കല്പിച്ച് ഞാൻ മൊഴിഞ്ഞു. "യെസ്."

മുപ്പർ വീണ്ടും, "ആർ യുഎം. ബി. ബി. എസ് ഡോക്ടർ ?"

ഞാൻ മനസ്സിൽ - 'പാതിരാത്രിക്ക് വന്ന് ഡിഗ്രി ചോദിക്കുന്ന ടി. ടി. ഇ ഓ?' ഒന്നുംപിടികിട്ടുന്നില്ല.

ഞാൻ "യെസ്. വാട്ട് ഹാപ്പൻഡ്?"

ടി.ടി.ഇ. "എ സിക്ക് ലേഡി ഈസ് ലൈയിങ്ങ് ദേർ. കാൻ യു പ്ലീസ് കം ആൻഡ് സീ?"

ഞാൻ "ഓകെ. ഐ വിൽകം."

ഞാൻ എഴുന്നേറ്റ് അപ്പർ ബർത്തിൽ കിടക്കുന്ന സന്ദീപിനോട് കാര്യങ്ങൾ പറഞ്ഞു.

സന്ദീപ് - "നീ പോയിനോക്കിട്ട് വാ", ഓൺകോൾ ഡ്യൂട്ടി ഡോക്ടർ കേസ് നോക്ക്. എമർജൻസി ആണെങ്കിൽ എം.ഒ വരാം എന്ന പുച്ഛ് ആൻ പഞ്ച് ഡയലോഗും അടിച്ച് പുതപ്പിനുള്ളിൽ ചുരുണ്ടു കൂടി.

ഞാൻ തിരക്കിട്ട് ടി.ടി.ഇ.ഉടെ പിന്നാലെ നടന്നു. വഴിയിൽ രക്തംപുരണ്ട ചെരുപ്പടയാളങ്ങൾ നീളെ നീളെ കാണാം.

മനസ്സിൽ പരിഭ്രാന്തി ഒളിപ്പിച്ചു വെച്ച് സിക്ക് ലേഡിയുടെ അരികിലെത്തി.

പൂർണ്ണ ഗർഭിണിയായ വെപ്രാളപ്പെട്ടിരിക്കുന്നൊരു യുവതി ബർത്തിൽ കിടക്കുന്നു. ദൃഷ്ടി ഒന്നു തെറ്റിപ്പതിഞ്ഞപ്പോൾ കണ്ടതോ രണ്ടു ലോവർബർത്തിനിടയിൽ ഒരു വലിയ ചോരക്കളം. ടെൻഷൻ എന്റെ തലയ്ക്ക് പിടിച്ചു.



യുവതിയോട് ഞാൻ "ആർ യു പ്രഗ്നൻറ്?"

യുവതി യെസ്.

ഞെട്ടലോടെ വീണ്ടും ഞാൻ "വെൻ ഈസ് ദ ഡ്യൂ ഡെയ്റ്റ്? ഈസ് ഇറ്റ് ദ ഫസ്റ്റ് ഡെലിവറി?"

യുവതി "വൺവീക്ക് മോർ. ഗോയിംഗ് ഫോർ മൈ സെക്കന്റ് ഡെലിവറി ടു തിരൂർ"."

യുവതി പ്രസവത്തിലേക്ക് പോവുകയാണെന്ന വിശ്വാസത്തിൽ,

ഞാൻ "ടു യു ഹാവ് പെയ്ൻ?"

യുവതി "നൊ."

ഹൗസ്സർജൻസി കാലഘട്ടത്തിൽ ഒരുപാട് പ്രസവങ്ങളെടുത്തിട്ടുണ്ട്. ഞാൻ കണക്ക് കൂട്ടി. തീവണ്ടിയിൽ ഒരു

പ്രസവത്തിനും കൂടി ഞാൻ സാക്ഷ്യം വഹിക്കാൻ പോകുന്നുവെന്ന് തീർച്ചയാക്കി.

ഞാൻ ഉടനെ തന്നെ പ്രസവസംബന്ധമായ ബ്ലീഡിംഗ് അല്ലെന്ന് പെറിയൊരു പരിശോധനയിലൂടെ ഉറപ്പുവരുത്തി. അപ്പോൾ ഈ ചോരക്കളം? എവിടുന്നാണീ രക്തം?

ആശയക്കുഴപ്പത്തിലായി ഞാൻ.

യുവതി 'ഡോക്ടർ, ബ്ലീഡിംഗ് ഈസ് നോട്ട് ഫ്രം ദെർ. ഇറ്റ്സ് ഫ്രം മൈ ലെഗ്.'

കാലിലേക്ക് നോക്കിയ ഞാൻ കണ്ടത് നിറകുടം തുളുമ്പും എന്നത് അർത്ഥവത്താക്കികൊണ്ട് കാൽ

പാദത്തിൽ തടിച്ചുരുണ്ടുകൂടിയ'-വെരിക്കോസ് വെയ്ൻസ്'പൊട്ടി നിർഗളം രക്തം ഒഴുകുന്നു.

ഉടനെ തന്നെ പുതപ്പിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന എം.ഒ. യെ വിളിക്കാൻ ഞാൻ ഓടിച്ചെന്നു.

കാര്യങ്ങൾ അവതരിപ്പിച്ചു. എം.ഒ ചാടിയെണീറ്റു വന്നു. കാര്യങ്ങളൊക്കെ തിരക്കി, റയിൽവേ വെള്ള പുതപ്പെടുത്ത് കാൽപാദത്തിൽ മുറുക്കി കെട്ടി. പൾസ് പരിശോധിച്ച് അപകടമൊന്നുമില്ലെന്ന് സ്ഥിതീകരിച്ചു.

യുവതി കാര്യങ്ങൾ കൂടുതൽ വ്യക്തമാക്കി. കഴിഞ്ഞ പ്രസവത്തിലും വെരിക്കോസ്വെയ്ൻസ് ഉണ്ടായിരുന്നു. അന്നുപൊട്ടിയിരുന്നില്ല. അവർ ഒരു നഴ്സാണ്. ജോലിസമയത്ത് സ്റ്റോക്കിംഗ്സ് ധരിച്ചിരുന്നു. യാത്രയിൽ ഒഴിവാക്കിയെന്നു മാത്രം. ബാത്ത് റൂമിൽ ചെന്നപ്പോൾ കാലൊന്ന് ചെരുതായി വാതിലിൽ തട്ടിയതിന് ശേഷം നടന്ന സംഭവവികാസങ്ങളാണിതൊക്കെ.

അൽപനേരം കൊണ്ട് തന്നെ മുറുക്കികെട്ടിയ ഭാഗത്തുനിന്നും ബ്ലീഡിംഗ് നിന്നിരുന്നു. ഇത്രയും രക്തം പോയസ്ഥിതിക്ക് കുട്ടിയെ ബാധിക്കുമോ എന്നായിവരുടെ ആശങ്ക. കൈയിൽ സ്റ്റ്തസ്ക്കോപ്പ് പോലുമില്ലാതെ പരിശോധിക്കാൻ നിവർത്തിയുമില്ല. ഞാൻ ആ ദൗത്യം എം.ഒയ്ക്ക് കൈമാറി.

ഇത്രയും രക്തം പോയാലും കുട്ടിക്ക് ഒന്നും സംഭവിക്കാൻ സാധ്യതയില്ലെന്ന് നമ്മുടെ എം.ഒ ഉറപ്പുനൽകി, മനസ്സിൽ അൽപം ആശങ്ക ഒളിപ്പിച്ചുവെച്ചുകൊണ്ടുത്തന്നെ.

യുവതിയ്ക്കും കുടുംബത്തിനും വണ്ടിനിർത്തിപ്പിച്ച് റയിൽവേ ഡോക്ടർമാരെ വിളിപ്പിക്കാനും അത്രതാല്പര്യം കണ്ടില്ല കാരണം അവർക്ക് തിരൂർ ഇറങ്ങാൻ ഒന്ന് രണ്ട് മണിക്കൂർ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു.

വല്ലാത്തൊരു ആശയക്കുഴപ്പത്തിൽ എല്ലാവരും.....

അങ്ങനെ നമ്മുടെ വാക്കിന്റെ വിശ്വാസത്തിൽ തിരൂർ തന്നെ ഇറങ്ങാമെന്ന് അവർ തീരുമാനിച്ചു. ബ്ലീഡിംഗ് നിന്നു. യുവതിയും സ്റ്റേബിളായി.

രാത്രി ഒരുപാട് വൈകി. അല്പപ നേരത്തേക്ക് തലചായ്ക്കാമെന്ന ധാരണയിൽ ഞങ്ങൾ രണ്ടു പേരും ബർത്തിലേക്ക് ചെന്നു. കിടന്നു.

നിദ്രാദേവി ഒരു ദാക്ഷണ്യവുമില്ലാതെ കൈവെടിഞ്ഞിരിക്കുന്നു. രണ്ടുപേരേയും. യുവതിക്കും കുട്ടിക്കും ആശുപത്രിയിൽ എത്തുന്നതുവരെ ഒന്നും പറ്റരുതേ എന്ന് പ്രാർത്ഥിച്ചു കിടന്നു.

പലപ്പോഴും രോഗികളുടെ ആരോഗ്യം വീണ്ടെടുക്കണേ എന്ന് രോഗിയെയും ഉറ്റവരെക്കാളും കൂടുതൽ ഡോക്ടർമാർ പ്രാർത്ഥിക്കാറുണ്ടെന്ന് ഡോക്ടർമാർക്കും പാവം ദൈവത്തിനും മാത്രമറിയാം. ഇതൊക്കെ ആരറിയുന്നു?

ടി.ടി.ഇ. എല്ലാ പതിനഞ്ചു മിനിറ്റ് കൂടുന്തോറും എന്റെറ ബർത്തിനരികിൽ വന്ന് ചോദിച്ചു.

"ഡോക്ടർ, ഈസ് എവരിതിംഗ് ഓകെ?"

ഷുഡ് ഐ പുൾ ദ ചെയ്ൻ ആൻ കോൾ റയിൽവേ ഡോക്ടർ?"

ഞാൻ "നോ നീട്.. ലെറ്റ് അസ്സി."

ടി.ടി.ഇ. നടന്നുപോയി.

അവർ തിരൂർ ഇറങ്ങുന്നതിനുമുന്നേ അവരുടെ യടുത്ത് ചെന്ന് കാര്യങ്ങൾ ഇടയ്ക്കിടെ ഞാൻ അന്വേഷിച്ചുകൊണ്ടിരുന്നു. കൂട്ടത്തിൽ ഫോൺ നമ്പറും സംഘടിപ്പിച്ചു.

തിരൂർ അവർ ഇറങ്ങിപ്പോയി.

കോഴിക്കോട് ഞങ്ങളും.

ഞങ്ങൾ രണ്ടുപേരും അതായത് ജോലികളിലേർപ്പെട്ടു. കുറച്ചു മണിക്കൂറുകൾ കഴിഞ്ഞ് ഒ.പി. യിൽ ഇരിക്കുന്ന സമയത്ത് എനിക്കൊരു ഫോൺ കോൾ...

അപ്പുറത്തുള്ള ആൾ ഹലൊ ഡോക്ടർ, ഞാൻ ഇന്നലെ ട്രയിനിൽ ഉണ്ടായ സ്ത്രീയുടെ അച്ഛനാണ്. ഡോക്ടറെ കാണിച്ചു, അമ്മയും സ്കാൻ ചെയ്തപ്പോൾ കുട്ടിയും സുഖമായിരിക്കുന്നു. താങ്ക്യൂ, ഡോക്ടർ.

ഒരു ദീർഘനിശ്വാസത്തോടെ വീണ്ടും ജോലിയിൽ മുഴുകി.

രണ്ടു ദിവസം കഴിഞ്ഞപ്പൊഴെക്കും വീണ്ടു മൊരു കോൾ.

ഡോക്ടർ, അവൾ പ്രസവിച്ചു. താങ്ക്യൂ ഡോക്ടർ. നിങ്ങൾക്ക് ഒരുപാട് ബുദ്ധിമുട്ടായി, സോറി.

അമ്മയും സുഖം, കുട്ടിയും സുഖം.

ഞങ്ങളും സുഖം.

ശുഭം.



Dr Sabitha.S
Sabitha Eye Care Hospital
Pathanamthitta



പുതുവത്സരം

നവവാനിലുദിച്ചുയരുന്നു
നവ ജ്യോതിയോടെൻ പ്രിയസൂര്യൻ;
പുതുവത്സര ശോഭയണിഞ്ഞു
പ്രകൃതി യുവസുന്ദരിയായി;
പ്രിയമോടെൻ തോഴരെയെല്ലാം
തഴുകാനായ് വന്നിളംതെന്നൽ;
ശിശിരത്തിൽ ശീതളഗാനം
കരളിൽ കുളിർ കോരിയിടുന്നു-
ഉണരൂന്നൊരു കിളിമകളേ നിൻ
കളമൊഴിതൻ കേളീരംഗം
നിറമാർന്നൊരു വർണ്ണവസന്തം
ചൊരിയു നീ ഈ പുതുവർഷം.
വിടരട്ടെ ഹൃദയദളങ്ങൾ
നിറയട്ടെ പുതുസൗരഭ്യം
ഒഴുകട്ടെ നിർമ്മല സ്നേഹം
വരവേൽക്കാം ഈ നവവർഷം.



Dr Sreekanth Ramachandran
Senior Resident
MES Medical college
Malappuram

കായലിനരികെ

ചിത്രങ്ങൾ : ഡോ. മനോജ് വേണുഗോപാൽ

ശിവരാത്രിയോട് അടുപ്പിച്ച് രണ്ടു ദിവസം ഒഴിവു കിട്ടിയപ്പോൾ മൂന്നാറും ആലപ്പുഴയുമാണ് മനസ്സിൽ വന്നത്.അങ്ങനെ ആലപ്പുഴക്ക് പോകാം എന്നു വച്ചു. ഹൌസ് ബോട്ടിലും ശിക്കാരയിലും ആയി ആലപ്പുഴ കണ്ടിട്ടുണ്ടെങ്കിലും പണ്ടുതൊട്ടേ ആഗ്രഹിച്ച കുട്ടനാടൻ ഗ്രാമഭംഗി ശരിക്ക് ആസ്വദിക്കാൻ കഴിഞ്ഞിട്ടില്ല. അതു കൊണ്ട് ഇപ്രാവശ്യം ഒരു ഹോം സ്റ്റേ അല്ലെങ്കിൽ ഒരു വില്ലേജ് വിസിറ്റ്. മുന്നിലുണ്ടായിരുന്നത് ഈ രണ്ട് കാര്യങ്ങൾ ആയിരുന്നു. ഒന്ന് മുഹമ്മക്കടുത്ത് കായിപ്പയിലുള്ള സുഹൃത്തിന്റെ അടുത്തേക്ക് അല്ലെങ്കിൽ കുട്ടനാട്ടിലേക്ക്.. നെറ്റൊക്കെ എടുത്ത് നല്ല ഹോം സ്റ്റേ ഒക്കെ നോക്കി, നല്ലതെന്നു തോന്നിയ ഒന്നിൽ കണ്ണുടക്കി' അധികം അന്വേഷിക്കാൻ ഒന്നും നിന്നില്ല ബുക്ക് ചെയ്തു. (അതു വളരെ നല്ല ഒരു തീരുമാനം ആയി എന്ന് ട്രിപ് കഴിഞ്ഞപ്പോ ബോധ്യപ്പെട്ടു.

ആത്രക്കു മനോഹരം ആയിരുന്നു അവരുടെ ആതിഥേയ മര്യാദ. അങ്ങനെ രാവിലെ ഒരു ആറു മണിക്ക് പുറപ്പെട്ടു.രാവിലെയുള്ള യാത്രകൾ മനം കവരുന്നതാണ്. ശുദ്ധമായ അന്തരീക്ഷവും തിരക്കു കുറഞ്ഞ റോഡുകളും, അതിനെല്ലാമുപരി ഈ ദിവസത്തിൽ ഇനി ഒരുപാടു നേരം ഉണ്ടെന്നുള്ള സന്തോഷവും. വഴിയിൽ നിന്ന് പ്രാതൽ കഴിച്ചു.അങ്ങനെ ഒരു 7 മണിയായപ്പോൾ തന്നെ ഞങ്ങൾ ആലപ്പുഴയിൽ എത്തി. ആരുമില്ല, കുറെ ശിക്കാരകൾ കൈ കാട്ടി വിളിക്കുന്നുണ്ട്. ഇപ്രാവശ്യം ലക്ഷ്യം അതല്ലാത്തതിനാൽ ഞങ്ങൾ പുഞ്ചിരി മാത്രം കൊടുത്തു.. ഞങ്ങൾ പോകുന്നത് മങ്കൊമ്പ് എന്ന് പറഞ്ഞ സ്ഥലത്തേക്കാണ്. ലത ച്ചേച്ചി, അവരുടെ വീട്ടിലാണ് ഞങ്ങളുടെ താമസം. അവരുടെ ഭർത്താവാണ് അനിയൻ ചേട്ടൻ, അവരെ വിളിച്ചപ്പോൾ രണ്ടു വഴിക്ക് ഈ പറഞ്ഞ സ്ഥലത്തോട്ടെത്താം എന്നു പറഞ്ഞു. ഒന്നു മങ്കൊമ്പ് പള്ളിയിൽ കൂടി.പിന്നെ കുറച്ച് വളഞ്ഞ് വരണം.



അവർ ഞങ്ങൾക്ക് പരിചയമുള്ള വീട്ടിൽ പാർക്കിംഗ് ശരിയാക്കി തന്നിരുന്നു. അങ്ങിനെ മങ്കൊമ്പ് വണ്ടി നിർത്തി. അക്കരെക്ക് പോകണം തോണിക്കാരനെ കൈകാട്ടി വിളിച്ചു, ഒരു ചെറിയ തോണിയുമായി അദ്ദേഹം വരുന്നുണ്ട്. തണുത്ത കാറ്റും ചെറു ചൂടുള്ള വെയിലും വെട്ടിത്തിളങ്ങുന്ന ഓളങ്ങളും, പുഴക്കരികിൽ ചേർന്ന് നിൽക്കുന്ന വീടുകളും, വെള്ളത്തിൽ പൊന്മാനേക്കാൾ വേഗത്തിൽ ഊളിയിടുന്ന കുസൃതി കുടുക്കകളും.' അതെ ഇത് ആലപ്പുഴ ആണ് .'കിഴക്കിന്റെ വെനീസ്'. കേരളത്തിനു പുറത്ത് പലർക്കും കേരളം എന്നത് ആലപ്പുഴ ആണ്. തെന്നിന്ത്യൻ സിനിമകൾക്ക് ആലപ്പുഴ കാഴ്ച വെച്ചത് ആ മനോഹര ഭംഗി മാത്രമല്ല. നെടുമുടി വേണു, കാവാലം നാരായണപ്പണിക്കർ, തകഴി തുടങ്ങി അനശ്വര കലാ ഹൃദയങ്ങളെ കൂടിയാണ്. വിണ്ണിത്താണി വരുവായ എന്ന ഗൗതം മേനോൻ സിനിമയിലെ ആലപ്പുഴയെ ഒരിക്കലെങ്കിലും കാണാൻ ആഗ്രഹിക്കാത്തവർ ചുരുക്കമാണ്. പലർക്കും ഹൗസ് ബോട്ടിലെ സുഖലോലുപത ആണ് ആലപ്പുഴ. ചിലർക്ക് താറാവും കരിമീനും അടങ്ങിയ, രസമുകുളങ്ങളുടെ പ്രലോഭനം ആണ് ആലപ്പുഴ. ആയുർവേദവും.. റിജുവനേഷനും എല്ലാം ആലപ്പുഴയുടെ വ്യത്യസ്ത ഭാവങ്ങൾ... ആവേശം വാനോളമെത്തിക്കുന്ന നെഹ്രു ട്രോഫിയെന്ന കിരീടം ചൂടി ലോക ടൂറിസം മേഘലയിൽ ആലപ്പുഴ തലയുയർത്തി നിൽക്കുന്നു. ചിന്തയിൽ നിന്നും ഉണർത്തി തോണിക്കാരൻ വന്നു. ചെറിയ തോണി, തലേക്കെട്ടും, സൂര്യപ്രകാശം കരുവാളിപ്പിച്ച മുഖവും, തിളങ്ങുന്ന കണ്ണുകളും, ബലിഷ്ഠമായ കയ്യുകളും, ഒരു നല്ല തോണിക്കാരൻ, മൂളിപ്പാട്ടു പാടുന്ന ആ ചേട്ടനോട് ഞാൻ ചോദിച്ചു തോണിക്കാരന്റെ പാട്ടുകൾ വളരെ പ്രസിദ്ധമാണല്ലോ എന്ന്, എന്താണ് തോണിക്കാരനും പാട്ടും തമ്മിലുള്ള ബന്ധമെന്ന് അദ്ദേഹം പറഞ്ഞത് പണ്ടൊക്കെ കടത്തുവള്ളങ്ങൾ മാത്രമാണ് ആശ്രയം അങ്ങനെ മണിക്കൂറുകൾ തന്നെ തോണി തുഴയേണ്ടി വരും. ചുറ്റും വെള്ളവും, ആ ഏകാന്തത ഒഴിവാക്കാൻ ആണ് പാട്ടുകൾ പാടിയിരുന്നത് എന്ന്... ദൂരെ നിന്നു കേൾക്കുന്ന തോണിക്കാരന്റെ പാട്ടും, കരയിൽ കാത്തു നിൽക്കുന്ന പെണ്ണും... പഴയ സിനിമകളിലെ ആ ചിത്രം മനസ്സിൽ വന്നു. കരയിൽ ഞങ്ങളെ കാത്ത് ലത ചേച്ചി നിൽക്കുന്നുണ്ടായിരുന്നു. പുഴയോട് ചേർന്ന് ഒരു ചെറിയ തോട്, അതിനോട് ചേർന്നാണ് വീട്. ഒരു പടിപ്പുര കടന്നാണ് മുറ്റത്തേക്ക് പ്രവേശിക്കുക, ടംഗിയേറിയ പൂക്കളെ ക്കൊണ്ട് മനോഹരമായ മുറ്റം.. പരമ്പരാഗത രീതിയിലുള്ള മനോഹരമായ വീട്. വരാന്തയിൽ തൂക്കിയ ആട്ടു കട്ടിലിൽ എന്റെ നോട്ടം ഉടക്കി. തൊട്ടടുത്തു തന്നെയുള്ള ബെഡ് റൂമിൽ സാധനങ്ങൾ വച്ചു. മരങ്ങൾ കൊണ്ട് പണിത പാനലുകൾ റൂമിലെ തണുപ്പ് നിലനിർത്തി. ലത ചേച്ചിയേയും അവരുടെ ഭർത്താവ് അനിയൻ ചേട്ടനേയും കുറിച്ച് രണ്ട് വാക്ക്, ഹോം സ്റ്റേ ആയി നടത്താനുള്ള ബുദ്ധി മകന്റെ ആണ്, പരമ്പരയായി കിട്ടിയ വീട് ചെറിയ മിനുക്ക് പണികൾ ഒക്കെ നടത്തി ഹോം സ്റ്റേ



ആക്കി. എളുപ്പമല്ല ഒരു ഹോം സ്റ്റേ നടത്താൻ, പലതരത്തിലുള്ള ആളുകളും വരാം, നമ്മുടെ സ്വകാര്യത മൊത്തം ബലി കൊടുക്കേണ്ടി വരും. ഇവരുടെ മധുരമായ ആദിഥ്യമര്യാദ കൊണ്ടും സ്ഥലത്തിന്റെ ഭംഗി കൊണ്ടും വിദേശികൾ അടക്കം വരുന്ന സ്ഥലമാണ് ഇത്. അനിയൻ ചേട്ടൻ വലിയ കൃഷിക്കാരനാണ് വീടിന് പിന്നിൽ ഏക്കറു കണക്കിന് പാടവും .വിവിധ തരം മരങ്ങൾ നിറഞ്ഞ തോട്ടവും ഉണ്ട്. വീടിന് പിന്നിലേക്ക് റോഡുണ്ട് ആ വഴി വരണമെങ്കിൽ കുറേ വളയണം. ലത ചേച്ചി തന്ന നെല്ലിക്ക ജ്യൂസ് കുടിച്ച് ശരീരം തണുപ്പിച്ച് ഞങ്ങളിറങ്ങി. തോണി കടന്ന് അക്കരെയെത്തി, അവിടെ നിന്നും കാറിൽ എങ്ങോട്ടെന്നില്ലാതെ കറങ്ങി. ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് മനോഹരമാണ്. കാഴ്ചകൾ

കൊണ്ടും, പിന്നെ ഗുണം കൊണ്ടും. ഞങ്ങൾ നെടുമുടി ബോട്ടു ജെട്ടിയിൽ പോയി സർക്കാർ ബോട്ടു നോക്കി': എങ്ങോട്ടായാലും കയറാമല്ലോ. പക്ഷേ നിരാശ ആയിരുന്നു ഫലം. ഏതോ കനാലിന് വീതി കൂട്ടുന്ന കാരണം, പല സർവ്വീസുകളും റദ്ദ് ചെയ്തിരിക്കുകയാണ്. ഞങ്ങൾ ആലപ്പുഴയിലേക്ക് തിരിച്ചു. അവിടെ ബ്രദർസ് ഹോട്ടലിൽ നിന്ന് നല്ല ആലപ്പുഴ ശാപ്പാട് കഴിച്ചു. പിന്നെ വീണ്ടും നെടുമുടിയിലേക്ക്, ആലപ്പുഴ പട്ടണം കാണാൻ തന്നെ നല്ല ഭംഗിയാണ്. കനാലുകളും ചെറുതും വലുതുമായ ബോട്ടുകളും ചോലമരങ്ങളും ശരിക്ക് പരിപാലിച്ചാൽ വെനീസ് തോറ്റു പോകും. നെടുമുടിയിൽ ബോട്ടു വരാൻ അര മണിക്കൂർ എടുക്കും, ഞങ്ങൾ പുഴയിലെ ഓളങ്ങൾ നോക്കി അവിടെ വി ശ്രമിച്ചു. കാറ്റ്, ചൂടിന്റെ അസഹ്യത കുറച്ചു. ഞങ്ങൾക്ക് കൂട്ടായി കുറച്ച് 'പ്രാവുകൾ അവിടെ വന്നിരുന്നു. ഒടുവിൽ ഒരു കിഴവൻ ബോട്ട് ചൂണ്ടു തുപ്പി വരുന്നുണ്ട്. ഞങ്ങൾ ആടിയുലയുന്ന ബോട്ടിൽ കയറി ,നമുക്കിത് വിനോദമാണ് എങ്കിൽ ഇവിടുത്തുകാർക്കിത് ജീവിതമാണ്,

സൈഡിൽ ഞാൻ ഇരുന്ന് അടുത്ത് ഭാര്യയും, ഇങ്ങോട് വരുമ്പോൾ അവൾക്ക് സൈഡ്, അതായിരുന്നു ധാരണ.കണ്ണുകൾ കാണുന്ന കാഴ്ചയുടെ പകുതി പോലും ഒപ്പാൻ കഴിയില്ലെങ്കിലും, കാഴ്ചകൾ പകർന്നു നൽകാൻ ക്യാമറയും കൈയിലേന്തി, ബോട്ടു പോയി തിരിച്ചു വരുന്നവരെ എങ്ങോട്ടേക്കോ അങ്ങോട്ടേക്ക് എന്നു പറഞ്ഞ് ടിക്കറ്റ് എടുത്തു. ഒന്നര മണിക്കൂറിൽ അധികം യാത്രയുണ്ടെന്ന് മനസിലായി. കാഴ്ചകൾ മനോഹരമെങ്കിലും ,കാറ്റും ഉച്ച ഭക്ഷണവും എന്റെ കണ്ണുകൾ അടച്ചു. ദുബോവ് എന്ന റഷ്യൻ കഥാകൃത്തിന്റെ ഒരു കഥയുണ്ട് ' പുഴയിലെ ദീപങ്ങൾ'. കോസ്ത്യ എന്ന ബാല ന്റെയും ദനീപ്പർ നദിയിൽ ബോയിൽ വിളക്കു വക്കുന്ന അവന്റെ 'യെഫീം കോ ദ്രാത്യേ വിച്ച് ' അമ്മാവന്റെയും സാഹസങ്ങളുടെ കഥയാണ്. പുഴയേയും ,ബോട്ടുയാത്രയേയും പ്രണയിച്ചത് ആ പുസ്തകം വായിച്ചായിരുന്നു. ഓരോ യാത്രകളിലും ഞാൻ നൂറു സംശയങ്ങൾ ഉള്ള കോസ്ത്യ ആയി മാറാറുണ്ട്. പണ്ട് ഇടക്ക് സ്കൂളിൽ പോകുമ്പോൾ കുന്നിപ്പുഴയിൽ കൂടി തോണിയിൽ കയറുമ്പോൾ, മോബിഡിക്കിലെ ക്യാപ്റ്റൻ അഹാബ് ആവാറുണ്ട്, ഓരോ യാത്രകളിലും ഓരോ സ്വപ്നാടനങ്ങൾ അനു വിളിച്ചപ്പോഴാണ് ഉറക്കത്തിൽ നിന്ന് എഴുന്നേറ്റത്,



പത്തു മിനിറ്റ് മയങ്ങി. പിന്നെ മയക്കം കാഴ്ചകൾക്ക് വഴിമാറി. ബോട്ടുയാത്ര പല തവണ നടത്തിയിട്ടുണ്ടെങ്കിലും, നിവിൻ പോളി പറയുന്ന പോലെ, അതൊരർത്ഥം ആയി തോന്നുന്നത് കുട്ടനാട് കാണുമ്പോഴാണ്. മുകളിലൂടെ പാലത്തിലെന്ന പോലെ പോകുന്ന കനാലും താഴെ പാടങ്ങളും. സമുദ്ര നിരപ്പിനേക്കാൾ താഴെ കാണുന്ന പ്രദേശം എന്ന് നമ്മൾ കുട്ടനാടിനെ കുറിച്ച് പഠിക്കുന്നുണ്ടെങ്കിലും കാണുമ്പോൾ അദ്ഭുതം കൂറും. മഴക്കാലത്ത് ഇത് ഒരു ശാപമാണ് ബണ്ട് പൊട്ടി കൃഷി നാശവും വെള്ളപ്പൊക്കവും വരാം.ചില വീടുകൾ ഒരു നില പില്ലർ എടുത്ത് അതിനു മുകളിലായി പടുത്തിരിക്കുന്ന കാരണം ഇതായിരിക്കാം. രമ്യമായ കെട്ടുവള്ളങ്ങളിൽ വെയിൽ കായുന്ന സായിപ്പും പാട്ടും സാൻസുമായി ബോട്ടു കുലുക്കുന്ന യുവതീ യുവാക്കളും ഉപജീവനത്തിനും യാത്രക്കമായി ജോലിയിൽ മുഴുകി ചെറുതോണികളിലും ബോട്ടുകളിലുമായി പോകുന്ന നാട്ടുകാരും, മീനിനെ കൊത്തുന്ന ഗരുഡനും, എല്ലാത്തിനും സാക്ഷിയായി വിറക്കുന്ന കായലിലെ ഓളങ്ങളും കാഴ്ചയുടെ സ്വർഗ്ഗമാണ്. വീടുപണിക്കായി വലിയ വള്ളത്തിൽ നിർമ്മാണ സാധനങ്ങൾ കൊണ്ടുവരുന്നത് കൗതുകം ഉണർത്തി. കാഴ്ചകൾ ആസ്വദിച്ചും എന്റെ തോൾ ചേർന്നു മയങ്ങിയും, ഭാര്യയും യാത്രയിൽ മുഴുകി.

ബോട്ട് ഇടക്കിടക്ക് ഓരോ ജെട്ടികളിൽ നിർത്തി. ആളുകൾ മാറി മാറി വന്നു, കൊച്ചു കുട്ടികൾ വള്ളം തുഴയുന്ന കാഴ്ച കൊണ്ടു മനസിലാക്കാം അത് കുട്ടനാട്ടുകാരുടെ ആത്മാവിനോട് ഇഴുകി ചേർന്നിട്ടുണ്ടെന്ന്, താറാവും നെല്ലും, അവന്റെ ജീവധാരയാണ്, പക്ഷിപ്പനി അപഹരിച്ച താറാക്കളും മൺസൂൺ അപഹരിച്ച നെല്ലും അവന്റെ വെല്ലുവിളികിൽ ചെറുതു മാത്രം. കാവാലത്തിന്റെ വരികൾ ഉണ്ട് ' ഞങ്ങൾക്കില്ല നെല്ലറ ഭൂമി മുഴുക്കനും ഇല്ലും തന്നെ

അങ്ങനെ ഞങ്ങൾ നെടുമുടിയിൽ ഇറങ്ങി, ഒരു ചായയും കുടിച്ച് വണ്ടിയിൽ കയറി.ചങ്ങനാശേരി റോഡിലൂടെ നീങ്ങി. ഇരുവശവും കായലും പാടങ്ങളും. ഇത്തവണ മങ്കൊമ്പിലേക്ക് റോഡുവഴി പോയി. മനോഹരമായ പുളിങ്കുന്ന് പള്ളി കണ്ടു. വിണ്ണത്താണ്ടി വരുവായ എന്ന സിനിമയിലെ പള്ളിയാണ് എന്നു തോന്നുന്നു. അങ്ങനെ വഴിതെറ്റി, വഴി തെറ്റി വിട്ടിലെത്തി. മുന്നിൽ നിന്നു കാണുന്ന പോലെയല്ല പുറകുവശം പ്രകൃതി കനിഞ്ഞു നൽകിയിട്ടുണ്ട് ഇവിടുത്തെ വീട്ടുകാർക്ക് . അങ്ങനെ ഞങ്ങൾ കുറച്ചു നേരം എല്ലാം മറന്ന് ഒന്ന് മയങ്ങി. എഴുന്നേറ്റപ്പോൾ സന്ധ്യ മയങ്ങിയിരുന്നു. അവിടെ കുളിമുറി മേൽക്കൂര ഇല്ലാത്തതാണ് എന്നാൽ സ്വകാര്യത ഉറപ്പു വരുത്തുന്നതും. നക്ഷത്രങ്ങളെ നോക്കി ശുദ്ധമായ തണുത്ത വെള്ളത്തിൽ കുളിച്ചപ്പോൾ എല്ലാ ക്ഷീണവും മാറി. ഒരു ചായയും കൂടി കുടിച്ച് വീട്ടുകാരുമായി സംസാരിച്ചു. അപരിചിതർ പരിചിതർ ആകുമ്പോൾ ഉള്ള മനോഹാരിത ആണ് ഹോം സ്റ്റേ സമ്മാനിക്കുന്നത്. കുറേ നേരം എല്ലാവരോടും സംസാരിച്ചു. അനിയൻ ചേട്ടന്റെ ഒരു കസിൻ ആണ് നെടുമുടി വേണു എന്നറിയാൻ കഴിഞ്ഞു. മഴക്കാലത്ത് വീട്ടുമുറ്റത്ത് വെള്ളം കയറുമെത്രേ, അപ്പോൾ കുട്ടികൾ അവിടെ ഉരുളിയിൽ കിടന്നു കളിക്കുമത്രേ. അങ്ങനെ കായലിന്റെ കാറ്റു കൊണ്ട് ഒരുപാടു നേരം സംസാരിച്ച് ഞങ്ങൾ അവിടിരുന്നു.പിന്നെ നല്ല സ്വാദിഷ്ഠമായ അത്താഴം. അതു കഴിഞ്ഞ് പാട്ടുകൾ കേട്ട് ആട്ടുകട്ടിലിൽ ആടിയാടി, ആട്ടത്തിനിടക്ക് എപ്പോഴോ ഞാൻ ഉറങ്ങി. നാളെ ശിവരാത്രിയാണ്, അടുത്തുള്ള ശിവക്ഷേത്രത്തിൽ പോകാൻ രാവിലെ തോണി വരുമെന്ന് പറഞ്ഞിട്ടുണ്ട്. രാവിലെ ആറു മണിക്ക് എഴുന്നേറ്റ് കുളിച്ചു. തോണി വന്നിട്ടുണ്ട് അതിൽ കയറി ചെറിയ തോട്ടിലൂടെ അടുത്തുള്ള ക്ഷേത്രത്തിലേക്ക് സൂര്യൻ ഉദിച്ചു വരുന്നതേ ഉള്ളു. നല്ല തണുപ്പ് കൈ നീട്ടിയാൽ തണ്ടു കയ്യും തൊടാം അത്ര ഇടുങ്ങിയ തോടുകൾ, ചില വീടുകാരൊക്കെ എണീറ്റ് പ്രഭാത കർമ്മങ്ങൾ തുടങ്ങി, വിനോദ സഞ്ചാരികൾ പതിവ് കാഴ്ചയായതിനാൽ ഞങ്ങളുടെ വരവ് അവർക്ക് അദ്ഭുതം ഒന്നും ഉണ്ടാക്കിയില്ല. ചെറിയ പുഞ്ചിരി സമ്മാനിച്ച് അവർ ജോലി ചെയ്തു. മുക്കാൽ മണിക്കൂർ നീണ്ട ആ തോണിയാത്ര എഴുതിഫലിപ്പിക്കാനുള്ള ഭാഷ എന്റെ കൈവശം ഇല്ല, അത്രക്ക് മനോഹരം ആയിരുന്നു അത്.അങ്ങനെ അമ്പലമെത്തി. മനോഹരമായ അമ്പലം ശിവരാത്രി ആയതിനാൽ തിരക്കുണ്ട്. തൊഴുതു കഴിഞ്ഞ് ഞങ്ങൾ തോണിയിൽ തന്നെ തിരിച്ചു. റൂമിലെത്തി നല്ല ദോശയും ചായയും കഴിച്ച് വീണ്ടും വരുമെന്ന് വാക്കു കൊടുത്ത്, മനസ്സിന്റെ ഒരു ഭാഗം കുട്ടനാട്ടിലിറക്കി, കാഴ്ചകൾ ആസ്വദിച്ച് ഞങ്ങൾ തിരിച്ചു, എറണാകുളത്തിന്റെ തിരക്കിലേക്ക്."





Dr Jayasree.I
Consultant ophthalmologist
Dr Jayasree's Eye care centre
High school junction, Kollam

കാത്തിരിപ്പ്

അകലെയകലെ
അവനിതൻ മറുപാതിയിൽ
മഹാസാഗരങ്ങൾക്കും
അക്കരെ
നീഹാരമണിഞ്ഞൊരു
നാടുണ്ട്
അവിടെയെന്റെ പ്രാണന്റെ
തുടിപ്പുകളുണ്ട്...

കൂടുവിട്ട്, നാടുവിട്ട്
പറന്നകന്നുപോയവർ,
ജന്മനാടിൻ ഭംഗി
മറന്നവർ,
അന്യനാടിൻമോടിയിൽ
മതിമറക്കുന്നുവോ?

പിറന്ന നാടിൻ
ഗന്ധമെന്നിൽ
പുളകമായി
പടരുമ്പോഴും,
പതറി നിൽപു
ചോദ്യശരങ്ങളാൽ
ചിതറിയ മനസ്സുമായ്-

കൈയുക്കുള്ളവൻ
കാര്യക്കാരൻ - നാടിൻ
നിയമമതല്ലേ?
നിശബ്ദയായ്
നിന്നു ഞാൻ
കൈമടക്കില്ലാതെ
കാര്യസിദ്ധിയുണ്ടോ?
മറുപടിയില്ലാതെ
കേണു ഞാൻ

ഭക്ഷണമൊക്കെയും
വിഷമയമല്ലേ?
ശിരസ്സ് നമിച്ചു
ഖിന്നയായ് ഞാൻ
കോട്ടും കുഴലുമണിഞ്ഞ്
വ്യാജൻ വിലസുമിടമല്ലേ?
കേട്ടില്ലെന്നു
നടിച്ചു ഞാൻ തല്ലുകൊള്ളുവാൻ
ഞങ്ങളില്ലെന്നവർ
ചൊല്ലിടുമ്പോൾ
മൗനം ഭജിച്ചു
മൂകയായ് ഞാൻ

കാതങ്ങൾ താണ്ടിയെത്തിടുമാ
കുളിർകാറ്റിലൊരു
കിളിക്കൊഞ്ചൽ
നാദമുയരുന്നതും
കാതോർത്തിരുപ്പു ഞാൻ.

എന്റെ മണ്ണിൽ
പിച്ചവെച്ചൊരാ
പാദധ്വനിയൊരു
സാന്ത്വനമായ്
അരികിലെത്തുന്നതും
കാത്തിരിപ്പു ഞാൻ.



Dr Lekshmi.G
Junior resident
RIO, Trivandrum

ആ വിരൽത്തുമ്പ്

രാത്രിയുടെ നിശബ്ദത മെല്ലെവിടവാങ്ങവേ പുതുപ്രഭാതത്തെ വരവേൽക്കാൻ പക്ഷിജാലങ്ങൾ കീർത്തനങ്ങൾ മീട്ടിതുടങ്ങി. പതിവുപോലെ അർദ്ധനിദ്രയിൽ കേശുവിന്റെ ചെറുവിരലുകൾ അമ്മയുടെ സ്പർശനത്തിനായി പരതി. തൻറെ കുഞ്ഞുമേനിയോട് ചേർന്നിരിക്കുന്ന തലയണയുടെ മാർദ്ദവം ആ ചെറുമയക്കത്തിലും അവൻ തിരിച്ചറിഞ്ഞു. പെട്ടന്നുതന്നെ അവൻ ചാടിയെണീറ്റ് ചുറ്റുംനോക്കി. നിശയുടെ നീലിമ ഇനിയും മറഞ്ഞിട്ടില്ല. തൊട്ടടുത്ത് ഉറങ്ങിക്കിടക്കുന്ന അച്ഛന്റെ മുഖത്തേക്ക് അവൻ രൂക്ഷമായി ഒന്ന് നോക്കി. 'ഇന്നെന്താ ഒരു വ്യത്യാസം! അമ്മയെവിടെ?' ചിന്തകൾ എന്തൊക്കെയോ ആ കുഞ്ഞുമനസിൽ തളിരിട്ടു. പെട്ടെന്നാണവൻ അമ്മ ഇന്നലെ പറഞ്ഞവാക്കുകൾ ഓർത്തത്. 'കേശുട്ടൻ, നാളെ മുതൽ സ്കൂളിൽ പോകുവാണ്. ടീച്ചർ പറയുന്നതൊക്കെ കേൾക്കണം കേട്ടോ!' ആ താക്കീതിന് സ്നേഹത്തിന്റെ രുചിയുണ്ടെങ്കിലും ഉള്ളിൽ എന്തോ ഒരു കയ്പ്പ് അനുഭവപ്പെട്ടിരിക്കണം. കാർട്ടൂണുകളിലും വീട്ടുകാര്യങ്ങൾ നോക്കുന്ന ആയഅമ്മയുടെ സംഭാഷണങ്ങളിലും മറ്റും ഇടയ്ക്കുകയറിവരാറുള്ള ആ വാക്ക്, 'ടീച്ചർ', അതിന് അവൻ നൽകിയത് കയ്യിൽ നിണ്ടവടിയുമായി, കർക്കശഭാവവുമായി നിൽക്കുന്ന ഒരു രൂപമായിരുന്നു. ഓർത്തപ്പോളേ ആ കുഞ്ഞു മനസ്സ് പതറി.

ഇരുട്ടിന്റെ ഭീതിയെല്ലാം മറന്ന് അവൻ പാരിക്കിടന്ന കതകിന്റെ അടുത്തേക്ക് ഓടിക്കൊണ്ട് ഉറക്കെവിളിച്ചു, 'അമ്മേ!'

''അമ്മ എങ്ങും പോയിട്ടില്ല മക്കളേ. ദാ ഇവിടെയുണ്ട്.', മറുപടിയും വന്നു. അമ്മ അവൻറെ അടുത്തേക്ക് ഓടിയെത്തി. ചോദ്യങ്ങൾക്കൊന്നും നിൽക്കാതെ അവൻ ഓടിവന്നു അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു, 'എനിക്ക് സ്കൂളിൽ പോകണ്ട, എനിക്ക് അമ്മമതി.' ആ നിഷ്കളങ്കതയെ മുത്തം കൊണ്ട് തഴുകികൊണ്ട് അമ്മ അവനു ആശ്വാസം പകർന്നു. 'അതിനു കേശു ഒറ്റക്കല്ലല്ലോ, അവിടെ കളിക്കാനും പഠിക്കാനും കുട്ടിനു കുറേകുട്ടുകാരുണ്ടല്ലോ! പിന്നെ മടങ്ങി വന്നാൽ കേശുവും അമ്മയും അച്ഛനും കൂടി കുഞ്ഞിന് ഏറ്റവും ഇഷ്ടമുള്ള പാർക്കിൽ കളിക്കാനും പോകും.' അങ്ങനെ നീണ്ട മോഹനവാഗ്ദാനങ്ങൾക്കൊടുവിൽ അവൻ അമ്മക്കൊപ്പം സ്കൂളിലേക്ക് പോകാനുള്ള ഒരുക്കങ്ങൾ തുടങ്ങി. ആ ചെറുമനസ്സിനെ പ്രലോഭിതനാക്കാനായി പുതിയബാഗ്, ചായപെൻസിലുകൾ, നാനാവർണ്ണലോഭിതമായ കുപ്പായങ്ങൾ എന്നിവ മേശമേൽ നിരന്നു. അവൻറെ ഇഷ്ടവർണ്ണമായ മഞ്ഞനിറത്തിലുള്ള കുപ്പായം ഇട്ടുതന്നെ അമ്മ അവനെ അണിയിച്ചൊരുക്കി.

'ഇനിയും താളം ചവിട്ടി നിന്നാൽ സ്കൂളിൽ എത്താൻ വൈകും!' ഗൗരവക്കാരനായ മുത്തച്ഛൻറെ വാക്കുകളായിരുന്നുഅത്. അവർ പുമുഖത്തേക്കു നടന്നു. ദൈന്യതനിറഞ്ഞ ആ മുഖത്ത് അമ്മയുടെ സ്നേഹത്തിൽ ചാലിച്ച ചന്ദനക്കുറിവരച്ചതും നിലാവത്തുവിടർന്ന മഴവില്ല് പോലെ അവൻറെ മുഖം പ്രശോഭിതമായി.

അങ്ങനെ പ്രിയപ്പെട്ട അമ്മയുടെ വിരൽത്തുമ്പും പിടിച്ച് കേശു സ്കൂളിലേക്കുള്ള ആദ്യ ചുവടുവെച്ചു. കുറച്ചു പ്രതിഷേധാത്മകമായാകണം അവൻ തോളിൽ ബാഗ് തൂക്കാൻ വിസമ്മതിച്ചു. അവർ നഴ്സറി സ്കൂളിന്റെ പടിമുറ്റത്തെത്തിയതും ടീച്ചർ പുതുമുഖത്തെ വരവേൽക്കാനായി വാതിൽക്കൽ വന്നുനിന്നു. അകത്ത് കുരുന്നുകളുടെ ഒച്ചപ്പാടും കരച്ചിലും ഒക്കെ കേൾക്കാം. അതിൽ നിന്ന് അവന്റെ ശ്രദ്ധതിരിച്ച് ഇരുകരങ്ങളും നീട്ടിടീച്ചർ അവനെ അകത്തേക്ക് വിളിച്ചു. 'ഈ കുഞ്ഞുമിടുക്കന്റെ പേരെന്താ? അകത്തേക്കുവാ. നമുക്ക് പുതിയ കൂട്ടുകാരെ കാണണ്ടേ!' ആ വാത്സല്യംനിറഞ്ഞ വാക്കുകളിലും നോട്ടത്തിലും



അവന്റെ മനസിലെ ടീച്ചറിന്റെ ഭാവവുമായി ഒരു സാമ്യവും ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ അത് ടീച്ചർ ആണെന്ന് അവൻ ഊഹിച്ചിട്ടുപോലും ഉണ്ടാകില്ല. അമ്മക്കൊപ്പം ആ ചെറുപടിക്കെട്ടുകൾ താണ്ടി വരാന്തയിലേക്ക് അവൻ കയറിച്ചെന്നത് സ്വയം പ്രേരിതമായിത്തന്നെ ആയിരുന്നു.

'ടീച്ചർ, മോൻ ആദ്യമായിട്ടാണ്!' അമ്മയുടെ വാക്കുകൾ കേട്ടതും അവൻ അമ്മയുടെ മുഖത്തേക്കൊന്നുനോക്കി. അവന്റെ കണ്ണുകളിൽ ആർത്തിരമ്പുന്ന തിരമാലകൾ ആ അമ്മ കണ്ടു.

ടീച്ചർ വീണ്ടും വിളിച്ചു, 'ടീച്ചറുടെ അടുത്തേക്കുവാ മോനേ.' തന്റെ വിരൽത്തുമ്പിൽ ഉള്ള പിടിമുറുകുന്നത് അമ്മ ശ്രദ്ധിച്ചു. 'പുതിയ കൂട്ടുകാരെ കാണണ്ടേ!', എന്ന് പറഞ്ഞ് ടീച്ചർ അവനെ വാരിയെടുത്തു. അവന്റെ കണ്ണുകളിലെ നിസ്സംഗത ആളിക്കത്തിയപ്പോളും ആ വിരൽത്തുമ്പിലെ പിടിമുറുകിത്തന്നെ ഇരുന്നു. കൺതടങ്ങളിലെ പിരിമുറുക്കത്തിന്റെ തീവ്രതയും കൂടിവന്നു. ടീച്ചർ അവനെ അകത്തേക്ക് കൂട്ടിക്കൊണ്ടുപോകാനൊരുങ്ങി. അമ്മയുടെ വിരൽത്തുമ്പുമായുള്ള സ്പർശന സംവേദനം വിച്ഛേദിക്കപ്പെട്ടതും അവന്റെ കണ്ണിലെ തിരകൾ അണപൊട്ടി ഒഴുകാൻ തുടങ്ങി. പിഞ്ചുകൈകൾ പുറത്തേക്കു നീട്ടി, 'അമ്മേ!' എന്ന് ഉച്ചത്തിൽ കരയാൻ തുടങ്ങി. ദയനീയമായ ആ വിളി ഒരു മിന്നൽപ്പിണർപോലെ ഹൃദയത്തിൽ പതിഞ്ഞെങ്കിലും ഏതുതിക്കനലിനേയും ഇന്ദ്രചാപമാക്കിമാറ്റാനുള്ള സിദ്ധി , അതൊരമ്മയുടെ മാത്രം ശക്തിയാണ്. അമ്മക്ക് നല്ലബോധ്യമുണ്ടായിരുന്നു, ആ രോദനം ഒരു പുതുജീവന്റെ തുടക്കമാണെന്ന്. ജീവനത്തിന്റെയും അതിജീവനത്തിന്റെയും പുതിയ പാഠങ്ങൾ ഇനി അവൻ പഠിക്കാൻ പോകുന്നത് ആ പുതുവിരൽത്തുമ്പിലൂടെയാണ്. അവന്റെ ഭാവിയാകുന്ന ഹാരത്തിലെ പുമൊട്ടുകൾ കോർത്തിണക്കപ്പെടുന്നതും ആ മാന്ത്രികവിരൽത്തുമ്പിലൂടെയാണ്.

ഇങ്ങനെ മനസ്സിൽ ഓർത്തു വീട്ടിലേക്ക് മടങ്ങുമ്പോളും അമ്മയുടെ മുഖത്ത് ഒരു ചെറുപുഞ്ചിരി ഉണ്ടായിരുന്നു. ഈറനണിഞ്ഞ ആ കണ്ണുകളിൽ ഒരു പുതുവെളിച്ചം ഉണ്ടായിരുന്നു. തന്റെ കുഞ്ഞിനെ വിദ്യയാകുന്ന മലർവാടിയുടെ കവാടം കടത്തിവിട്ടതിൽ നിന്നും ആർജ്ജിച്ച ഒരു ധൈര്യത്തിന്റെ പുതുവെളിച്ചം.

എക്കാലവും പ്രിയപ്പെട്ട എൻറെ ഗുരുക്കന്മാർക്കായ്.

മേയുന്ന മനസ്സ്



Dr Neaza.A
IMO, ESI Hospital
Peroorkada, Trivandrum



ചുള്ളം വിളിച്ച്, തെന്നി പറന്ന്
ഊയലാടുന്നു ചാഞ്ചാടും മനസ്സ്;
കൂട്ടം തെറ്റിയ പൈക്കളെ പോൽ
നിയന്ത്രണാതീതമായി മേയുന്നു.

പുമ്പാറ്റ പോൽ പാറി പറന്നതും
പാടത്തും വരമ്പത്തും തുള്ളിച്ചാടിയതും
താതനരികിൽ താരാട്ട് കേട്ട് താളമിട്ടതും
ഇന്നും കൊതിക്കുന്ന മധുരസ്വപ്നം.

ഋതുക്കളേറെ കടന്നു പോയതും
വർണ്ണങ്ങളേറെ ചാലിച്ചെഴുതിയതും
പുഴകളൊഴുകി കടലിലണഞ്ഞതും
മറവിയിലാഴ്ത്തിയ, കാലം മറച്ച കഥ.

രാവേറെ മയങ്ങി, രാക്കിളികൾ പാടുന്നു;
നിദ്ര കണ്ണിൽ വലയം വെക്കുന്നു.
എന്നിട്ടും പിടി തരാതൊളിക്കുന്നു.
മനസ്സിനെ തളയ്ക്കാത്ത കൊളുത്തുകൾ.



സ്വന്തം



Dr Devi Karthya
Junior resident
RIO, Trivandrum

PINHOLE



Close, open, unveil vision.
Pondering over impossible perfection,
those flawless contrasts and hues.
A vast enigmatic world outside world,
where wanderlust dreams sway;
Some congruent with reality,
while some just lost in time stray.

Close, open, keep 'it' in front of eyes.
A "power" less aperture to visualise,
A piece of hope for guidance,
At times when a monochromatic gradient
poison an artist's vivid palette,
When obscuring outlines of the bigger picture
Spreads melancholy deep within.

Close, open, now savour the sight!
Rediscover clarity, make things right.
Push away those distorted distractions,
Let comprehension take its course.

An incomplete jigsaw lies in front;
Those unfitting pieces, just let them go
Futile ones, never filled in anyway.

Close, open, its time for perception
It's a mere montage of reflection!
Simple to see, strenuous to scrutinise,
A multidimensional mirror to be in
With an unknown momentum to turn its wheels
Where thoughts somehow become things
All tied together in invisible strings.

Close, open, the mind finally realise
It needed a pupil to become wise!
For a little less of dubious margins
and more of an optimistic core.
In the midst of chaotic confusion,
to reach a level of serene conclusion.
Alas! All would have been in vain, just to recall
If there was 'no eye' to see, after all!



Dr Ittyerah Tholath
Senior Vitreoretinal Surgeon,
Formerly HOD Ophthalmology
Little Flower Hospital
Angamaly.

WHEN THE RETINAL SURGEON WIELDS HIS PEN

Dr TP Ittyerah, Senior consultant vitreoretinal surgeon from Kochi is well known not only as an ophthalmologist but also as an author. His first book was "Eye doctor Out of the box" and subsequent to its success, he has authored many more. This excerpt is from his book, "Bewitching BHU" that follows his life and experience in this historical city.

"When I woke up in the morning the compartment was almost full of passengers. It was unusual to see standing passengers in reserved sleeper compartment in the Southern Railway. While lying on the upper birth itself on opening the eyes I could see five heads of the persons sitting on the opposite lower birth meant for three persons. One had a turban and beard of a sardarji. The next one had his forehead decorated with pink and yellow colored paste with an almost clean shave of the head and a tuft of long hair hanging at the back. The third head was decorated with a turban made of long dirty clothe. The fourth head was bearing a Gandhi cap. The fifth one had long grey hair and grey beard. Even though it was a reserved sleeper compartment there were many unauthorized passengers with all sorts of luggage. I could smell that many of them were ticket less travelers with the silent consent of the TTE. There were standing passengers as well. I casually asked the TTE about the expected time of arrival of the train at Varanasi. To my painful surprise he told that the train was scheduled to reach Varanasi by 5PM; but often it is one hour late. I felt like crying since the written test at B.H.U., I was eagerly preparing to write is at 3PM. The whole purpose of my trip is going to be shattered. In fact I planned the journey as per the guidance of the Katpady railway station master. He had told me that the arrival time of Varanasi express was 10.30 AM. The TTE elaborated on his previous statement that 10.30 AM was the arrival time at Allahabad. The Varanasi Express terminated at Allahabad and the same train travelled as passenger train to Varanasi from Allahabad. His explanation did not alleviate my grief but I guessed where I had gone wrong. However, I shared my sorrow and helplessness with the fellow passengers. In spite of the language barrier (my spoken Hindi was very poor) I got a sympathetic response from many co passengers. They came out with different suggestions and alternative methods to reach BHU to write the examination in time.

A medical representative (Alembic) suggested getting down at Allahabad and hiring a taxi to Varanasi. Another passenger suggested getting down at Allahabad and catching an express train, the Delhi Kalka mail to Mugalsarai; an important junction very near Varanasi. A third passenger agreed to the suggestion and told that he was going to Varanasi by boarding Kalka mail to Mugalsarai.He introduced himself as Mr. Dube, a retired army officer who had worked in Pangode army camp Trivandrum and also at Cochin for more than 20 years. He added that the young communist leader Mr. Nair was his friend and had some attraction to communist philosophy. It appeared that he had a soft corner for me, being a doctor from Kerala, the first state in the world where communist had come to power through ballot paper. He told me that he belonged to Varanasi





and knew well every nook and corner of the university campus. He volunteered to take me to BHU to write the test".

What happened next?
Did he write the exam?
For answers to this question and some delightful reads, please follow the links below.

1) **Eye doctor out of the box.** ISBN: 9781301878284. published on.12/01/2013. link https://www.smashwords.com/books/view/274163
2) **Bewitching BHU.** ISBN:9781370165988. Published on 20/08/2016 Link. https://www.smashwords.com/books/view/659833
3) **Why Cancer?** ISBN:9781370190973. Published on 10/02/2018 Link. https://www.smashwords.com/books/view/769583
4) **Odda Days** ISBN: 9781005616984. Published on 12/09/2020 Link Https://www.smashwords.com/books/view/1042676

Compiled by ***Dr Natasha Radhakrishnan***

SUGATHAKUMARI-
THE VOICE ETERNAL



Dr S.R.Krishnamoorthy
Professor & HOD
Mount Zion Medical College,
Adoor



Linguistics may differ, our imaginations oft take wild wings,
Emotions are the same everywhere, their expression swings
Some are born genius, some become one by their doings,
Some do remain anonymous, their sheer dedication springs.

An octogenarian poetess who breathed her entire lifespan,
Upholding vernacular uplift of Malayalam for official clan,
Spent her entire life for the beleaguered women with elan,
A down to earth, who lived and preached with a mission.

For many a distraught, outcast woman, She was the asylum,
Fought by words and deeds for their cause and their freedom,
Loved the nature, a life led by example, shunning the stardom,
No farewell for her demise, wishing a seedling as martyrdom.

True love of the nature for future, was viewed with skepticism,
Calling a spade, a spade, sometimes invited many a criticism,
Yet she undauntedly fought with her unbridled enthusiasm
She, undeterred by all these, strode nonchalantly for feminism.

Words, her awards can't speak her greatness or her acumen.
Her verses speak volumes of great love of nature and women.
Sincerely crossing all the linguistic barriers, we all pray heaven,
Wish the same poetess to be with us for another lease again




Dr Natasha Radhakrishnan
Professor &
Senior retinal specialist
Amrita Institute of
Medical Sciences, Kochi

THE FAMILY ACROSS THE WALL

It was my usual evening walk around the premises- an indulgence acquired during the lockdown slowing down of life,that I was struggling to continue as life's pace started to accelerate again.That's when I noticed a change outside the compound wall of the far end of our colony. It had been an empty plot outside, overgrown and untended ,owned no doubt by some rich NRI as a retirement plan. But,now,someone had pulled a tarpaulin sheet across two trees and covered the sides with aluminium sheets. When I first saw it, I felt mildly irritated, the subconscious irritation that comes when we, the privileged,have the underprivileged intruding unasked into our life-the kind of irritation thatcomes when the brown eyes of a begging girl meets yours at a traffic light,before you can change gears, race off, leave that beseeching look behind and pretend it never happened.

The next day,the shack had evolved into a fullfledged house,all sides covered(one side using our colony wall) and roof also secured from end to end.Electricity connection had



been secured from somewhere(could not trace whether it was from a nearby electric post or from the house on the other side) and a Christmas star with its twinkling lights was hung from the tree outside.The compound wall, being fairly high,there wasn't anything I could see of the inmates or the décor except for a small part of the wall that had the quintessential mathrubhumi calendar and some medal? hanging. The whole thing looked a little ludicrous- a ramshackle shack with a christmas star at a tilted angle- in stark contrast to our villa colony with its manicured lawns,well tended gardens,gleaming cars and expansive houses that dripped opulence.

Watching this space soon became a hobby as life started to bustle inside in the next few days.It was a mallu family,I decided-both the star and the calendar were,decidedly mallu staples.The mother's existence came to me in the form of sounds and smellsone day. There it was- the delicious(to me) aroma of fried fish, (a typical kerala masala and coconut oil smell again) with the faint hum of an old Malayalam movie song.The mother was at work preparing dinner for her family.She seemed happy,the happy tune bouncing off the thin walls and reaching me along with sizzle of the fish on the stove(gas?kerosene?).What did they eat the fish fry with?must be rice, I concluded-there was no smell of chapathis .I could hear a boy's voice on some days,maybe the medal I saw was his.Did he run fast,I wondered,or did he study well and get it inspite of his circumstances?I could not hear what he was saying but he was excitedly chatting to his mother as she cooked dinner .Another day,I heard a hollow cough-an old man.His father or hers?I wondered. Must be his-after all, who will take care of the wife's father withthis meagre means-unlikely!Must be a beedi smoker,the cough was the unproductive, low kind of a chronic smoker.I pictured him in my mind,sitting on the edge of the bed and sipping his tea or chugging away at his beedi-maybe he had come back after work too.Occasionally,I heard the male voice,it seemed weary but kind.I pictured the husband back after a day's hard labour,listening to his son's chatter while his wife cooked their dinner. Did he tell his wife that the fish was good or did he just silently gulp it down and lay down to rest his weary self,I wondered.Where did they all sleep?The old man must be on the bed and the other three probably on the floor,the boy between the man and his wife.

In all the weeks that followed,I heard her laugh several times, ringing out, at something the boy said, sometimes,I heard songs from a radio and sometimes they were all quiet and only the smell of cooking would be there-the boy must be doing his homework,I would conclude. Never once did I hear a raised voice or a drunken brawl and each day,their idyllic existence filled my walks with a simple happiness.The whole shack must be smaller than my verandah, I mused and yet they managed to fill it with life and a peaceful coexistence of three generations. We had a five bedroom ,twostoreyed home and still got on each other's nerves and toes all the time. I had been seriously contemplating a separate bathroom and dresser during the days of lockdown-one never seemed to have a free bathroom in the place. With the older kids back home due to covid and both parents at home as well, every square foot of our home was occupied but still not enough. It's just human nature-isn't it? We can exist with bare minimum but when we have the means not to,nothing is ever enough!

Then one evening,my heart sank-the tarpaulin sheet roof seemed ripped off at an angle and the star was not be seen-the wire swinging eerily from the tree. There was no sign of the occupants , no smell or sound-they were gone. It looked like the heavy hand of society's right and wrong had clamped down on their idyllic existence and ripped them out.Was it the land owner? or the municipality, I wondered sadly. Were they just chased off the land or were they sent to some rehabilitation place? Worse, were they sent to different care homes, the family torn apart?

There was nothing to be done,no one to ask,no one to entreat or enquire.They were nameless,faceless to me and yet, they had been in my thoughts for so long. I thought of that twinkling star that had hung at the end of that dangling wire and whispered a small prayer,"If there is someone above who takes care of those who have no one, please...keep them,the old man,the father,the mother and the boy—please keep them safe and keep them together!"

(Adapted from true life)

I ONLY HAD A HUMAN HAND..



Dr Sangeetha Rajagopal
Consultant Ophthalmologist
Comtrust Eye Hospital,Calicut

I watched her edge in with a plain face,
To sit in pain with a yearning gaze.
Her parents lent me their minds in dread,
Full of hopes and fears unsaid.

Her eyes sparkled to go for a steady walk.
Her ears were fed up with the sympathetic talk.
Her lips whispered "My pals can hop and leap."
Her heart murmured "Can I ever jog and skip?"

Her blank face reminded me of my child,
Her soft feet never deserved to be flawed.
Exceptions in science never cease to confuse,
No complicated answers would ever suffice.

To console her,I put on the gown of a mentor.
To treat her, chanted the oath of a doctor.
To pacify her, became protective like her father.
To make her cosier,that she could walk further.

Whoever she met, promise was in vain,
A complex case,which would drain out any brain.
I assured her loved ones of trying my best
And carried the risk of foggy hope on my chest.

She went along well to proceed,
Fixing each flaws,I hoped to succeed.
I grew happier, for the justice done to her.
Thanked Him for being with me,together.

But her heart began to miss it's beat
Alas!She left the fever and the fret.
I tried to grab her from the demon's grip.
I grieved to see her begin to slip.

Yellow eyes reviled me for the failure,
Bellow of rage zoomed in with a stare.
Fellows braced me,but smeared by hungry intriguers,
Stamped with a tag of life savers turned hackers.

The days became blacker and restless,
The nights were darker and sleepless,
I couldn't wait to escape from my body on earth,
To join her soul above to prove my worth.

I see my child and lady missing me badly,
I am bold but sorry to seem cowardly.
With neither Midas touch nor a magicians wand,
I only had a human hand.



shajiank



Dr Merine Paul
Dr Merine's I care centre,
Thrissur

OUMUAMUA, AVI LOEB, EXTRATERRESTRIAL AND A FEW OTHER RANDOM MUSINGS

